# കേരള  സാഹിത്യ അക്കാദമി
# വാർഷിക റിപ്പോർട്ട്
# 2021–2022

# ആമുഖം

കേരള സാഹിത്യ അക്കാദമി കേരളസമൂഹത്തെ അക്ഷരപ്രബുദ്ധമാക്കുന്നതിന് ഉചിതമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണ്. മലയാളികളുടെ സാംസ്കാരികജീവിതത്തിൽ നവീനങ്ങളായ കൂട്ടിച്ചേർക്കലുകൾക്ക് സാധ്യതകൾ ഒരുക്കിവരികയുമാണ്. എഴുത്തുകാരും വായനക്കാരും ഉൾപ്പെടുന്ന വലിയൊരു ഉപസമൂഹത്തെ നിരന്തരം നവീകരിക്കുന്നതിന് അക്കാദമി കലാസാഹിത്യപരിപാടികൾ സംഘടിപ്പിച്ചുവരുന്നു. വിവിധ സാഹിത്യശാഖകളുടെയും കേരളീയകലകളുടെയും പരിപോഷണത്തിന് അരങ്ങും അണിയറയും ഒരുക്കുക എന്ന ജന്മലക്ഷ്യം നിറവേറ്റുമ്പോൾ, മുഴുവൻ മലയാളികളുടെയും വൈകാരികപിന്തുണ സാഹിത്യ അക്കാദമിക്ക് ലഭിച്ചുവരുന്നുണ്ട് എന്നത് അഭിമാനകരമാണ്.

കേരളപ്പിറവിക്ക് മുൻപേ സ്ഥാപിതമായ സാഹിത്യ അക്കാദമിയുടെ ആറര ദശകത്തെ അർത്ഥപൂർണ്ണമായ ഇടപെടലുകൾ ഒരു ജനത എന്ന നിലയിൽ കേരളീയരുടെ സ്വത്വബോധത്തെ പുതുവഴികളിലേയ്ക്ക് നയിച്ചു. ജാതി-മതവേലിക്കെട്ടുകളുടെ വിവേചനമില്ലാത്ത ആധുനികവും ജനാധിപത്യപരവുമായ ഒരു സാമൂഹികവ്യവസ്ഥയിലേക്കാണ് ഐക്യകേരളം പിറന്നുവീണത്. കേരളത്തെ മലയാളികളുടെ മാതൃഭൂമിയാക്കി മാറ്റിയ സർവ്വതലസ്പർശിയായ ആശയസംവാദങ്ങളുടെ ഉപലബ്ധിയാണ് സാഹിത്യ അക്കാദമി. ഇന്ന് ഇതര ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മികച്ച മാതൃകയായി ഈ സാംസ്കാരികസ്ഥാപനം പ്രവർത്തിച്ചുവരുന്നു എന്നതും ആഹ്ലാദകരമാണ്.

ജനാധിപത്യ ഇന്ത്യയുടെ ഭരണഘടന വാഗ്ദാനം ചെയ്യുന്ന മതനിരപേക്ഷത, തുല്യനീതി, സംസ്കാരത്തിന്റെ ബഹുസ്വരത, ആവിഷ്കാരസ്വാതന്ത്ര്യം തുടങ്ങിയ മഹത്തായ വിഭാവനങ്ങൾക്ക് മാരകമായ മുറിവുകൾ ഏല്കുന്ന ഒരു ഇരുണ്ട കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. സഹിഷ്ണുതയിൽ അടിയുറച്ച സേവനപ്രവർത്തനങ്ങളുടെ ഉജ്ജ്വലമായ രാഷ്ട്രീയപാരമ്പര്യം ഇന്ത്യയുടെ ദേശീയരംഗത്ത് സ്വാതന്ത്ര്യലബ്ധിക്കുമുൻപേ ഉണ്ടായിരുന്നു. മഹാത്മാഗാന്ധിയുടെ വധത്തിനു ശേഷം ഹൈന്ദവവർഗീയത അതിന്റെ കൂർത്ത നഖങ്ങൾ പുറത്തെടുത്തു. ബാബറി പള്ളിയുടെ മിനാരങ്ങൾ നിലംപതിപ്പിച്ചവർ ഇന്ത്യയുടെ മതേതരത്വത്തിന്റെ അടിത്തറയ്ക്കുകൂടിയാണ് പരിക്കേല്പിച്ചത്. മതരാഷ്ട്രം കെട്ടിപ്പടുക്കുക എന്ന ഭരണാധികാരികളുടെ അജണ്ട ഇന്നൊരു നിഗൂഢശ്രമമല്ല. പരസ്യമായി ഇന്ത്യൻ ഭരണഘടനയെ വെല്ലുവിളിക്കുകയാണ് പാർലമെന്റിനെ നോക്കുകുത്തിയായി നിർത്തി വർഗീയ ഫാസിസ്റ്റുകൾ.

മതതീവ്രവാദത്തിന്റെ പ്രത്യയശാസ്ത്രത്തിന് സമൂഹമധ്യത്തിൽ അപകടകരമായവിധത്തിൽ ജനപ്രിയതയും സ്വീകാര്യതയും വർധിച്ചുവരുന്നു. തങ്ങൾക്ക് അപ്രിയമായതെന്തും ആക്രമിച്ചുനശിപ്പിക്കും എന്ന ഭീഷണിയുമായി തീവ്രവാദസംഘടനകൾ ഇന്ത്യൻതെരുവുകളെ അശാന്തവും രക്തപങ്കിലവുമാക്കി മാറ്റുകയാണ്. ആയുധങ്ങളുടെയും നുണകളുടെയും ഭയപ്പെടുത്തലുകളുടെയും കിരാതവാഴ്ചയെ പ്രതിരോധിക്കാൻ വിശാലമായ ജനാധിപത്യ മതനിരപേക്ഷവേദി പടുത്തുയർത്തുന്നതിന് പ്രസക്തിയേറിവരികയാണ്. ആശയാവതരണങ്ങളിലൂടെയും സർഗാവിഷ്കാരങ്ങളിലൂടെയും  സാഹിത്യ അക്കാദമി നടപ്പിലാക്കിവരുന്നത് ഈയൊരു സാംസ്കാരികരാഷ്ട്രീയദൗത്യമാണ്.

കലകൾക്കും കലാകാരസമൂഹത്തിനും നേരെ അസഹിഷ്ണുതയുടെയും അപരമതവിദ്വേഷത്തിന്റെയും ആയുധപ്പുരകൾ തുറന്നുവെയ്ക്കുകയാണ് വർഗീയവെറി പൂണ്ട ഒരുകൂട്ടം ആളുകൾ. അവരുടെ നരവേട്ടക്ക് എഴുത്തുകാരും സ്വതന്ത്രചിന്തകരും ബുദ്ധിജീവികളും ഉൾപ്പെടുന്ന പൊതുസമൂഹം ഇരകളായി മാറുകയാണ്. ഇത്തരമൊരു ചരിത്രസന്ദർഭത്തിൽ പ്രതിരോധത്തിന്റെ കവചങ്ങൾ ഉയർത്തിപ്പിടിക്കാൻ സാഹിത്യ അക്കാദമി പ്രതിജ്ഞാബദ്ധമാണ്. അക്കാദമി രൂപീകരിക്കപ്പെട്ട സമയത്ത് മഹാനുഭാവന്മാർ വിഭാവനം ചെയ്ത മഹത്തായ ലക്ഷ്യങ്ങളിലേയ്ക്ക് ചെന്നെത്താനുള്ള സഞ്ചാരപാതയിലാണ് അക്കാദമി ഭരണസമിതി.

കേരളീയപൗരജീവിതത്തെ ഉണർത്തിനിർത്തുന്നതിന് നിരവധി ക്രിയാത്മകപരിപാടികൾ 2021–22 വർഷത്തിൽ അക്കാദമി ആവിഷ്കരിച്ചു. സഹാനുഭൂതിയും സഹവർത്തിത്വവും സാഹോദര്യവും സ്ഥാപിക്കുന്ന സാഹിത്യപ്രവർത്തനങ്ങളിലൂടെ നമ്മുടെ പൊതുമണ്ഡലത്തെ ചലനാത്മകമാക്കാൻ ഈ റിപ്പോർട്ട് വർഷത്തിൽ ശ്രമിച്ചിട്ടുണ്ട്. സാഹിത്യവ്യവഹാരങ്ങളെ കൂടുതൽ കൂടുതൽ സഹൃദയരിലേയ്ക്ക് എത്തിക്കുക എന്നതിലൂടെ, മലയാളികളുടെ സാമൂഹ്യപദവിയെയും സാംസ്കാരികത്തികവിനെയും തിളക്കി പ്രതിഷ്ഠിക്കാൻ സാഹിത്യ അക്കാദമിക്ക് കഴിയുന്നു എന്നതിൽ അക്കാദമി ഭരണസമിതിക്ക് അതീവ ചാരിതാർത്ഥ്യമുണ്ട്.



**സി.പി.അബൂബക്കർ**

സെക്രട്ടറി

# ആദരാഞ്ജലി

സാമൂഹ്യ-സാഹിത്യ-സാംസ്കാരികരംഗത്തുനിന്ന് ഏറെ പ്രമുഖർ ഈ കാലയളവിൽ കേരളസമൂഹത്തെ വിട്ടുപിരിഞ്ഞിട്ടുണ്ട്.

ആർ.കൃഷ്ണമൂർത്തി, കെ.ആർ.ഗൗരിയമ്മ, സുമംഗല, മാടമ്പ് കുഞ്ഞുകുട്ടൻ, പി.ബാലചന്ദ്രൻ, പ്രൊഫ.ഗഞ്ചം വെങ്കട സുബ്ബയ്യ, നരേന്ദ്ര കോഹ്‌ലി, കെ.കെ.രാജൻ, അനിൽ ധാർക്കർ, എം.ആർ.ആനയറ, ശംഘഘോഷ്, ആനന്ദൻ ചെറായി, പൂവച്ചൽ ഖാദർ, എസ്.രമേശൻനായർ, എ.ശാന്തകുമാർ, സുഹ്റ പടിപ്പുര, ഫിലിപ്പോസ് മാർ ക്രിസോസ്റ്റം, വി.ബി.ജ്യോതിരാജ്, മണിയൂർ ഇ. ബാലൻ, കി രാജനാരായണൻ, ഡോ.കെ.ശാരദാമണി, പ്രൊഫ.ആദിനാട് ഗോപി, സിദ്ധലിംഗയ്യ, ഡോ.വി.സുകുമാരൻ, തോമസ് ജോസഫ്, ഡോ. താണു പത്മനാഭൻ, മംഗലാട്ട് രാഘവൻ, കരൂർ ശശി, ഡോ.ഗെയിൽ ഓംവെത്, ബുദ്ധദേവ് ഗുഹ, കെ.എം.റോയ്, രാജൻ മൂത്തകുന്നം, സി.പി.നായർ, പ്രൊഫ.സുന്ദരം ധനുവെച്ചപുരം, കമലാ ഭാസിൻ, കലൂർ ഉണ്ണിക്കൃഷ്ണൻ, പാലക്കീഴ് നാരായണൻ, ടി.എ.ശശി, പി.എ.ദിവാകരൻ, അഷ്റഫ് മലയാളി, മന്നു ഭണ്ഡാരി, കെ.യു.ഇക്ബാൽ, സത്യവ്രത് ശാസ്ത്രി, സനന്ത ടാന്റി, ആൻ റൈസ്, മങ്കൊമ്പ് ശിവദാസ്, മാധവൻ അയ്യപ്പത്ത്, എസ്. രമേശൻ, പ്രൊഫ.എം.കെ.പ്രസാദ്, ജോൺപോൾ, ഡോ.എൻ.ചന്ദ്രശേഖരൻനായർ, എസ്. വി.ഉസ്മാൻ, കെ.പി.എ.സി.ലളിത, പ്രൊഫ.എം.ഗംഗാധരൻ, ഡോ.സി.ആർ.രാജഗോപാലൻ, പരമേശ്വരൻ മൂർത്തിയേടത്ത്, പി.എൻ.നാരായണൻനമ്പൂതിരി എന്നിവർ ഭാഷയ്ക്കും സംസ്കാരത്തിനും നൽകിയ വിലപ്പെട്ട സംഭാവനകൾക്കുമുന്നിൽ കേരള സാഹിത്യ അക്കാദമി ആദരപൂർവ്വം നമിക്കുന്നു.

# അക്കാദമി പരിപാടികൾ
## 2021-2022
(2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെ)

### ഡോ. ടി. പി. സുകുമാരൻ അനുസ്മരണം
ഓൺലൈൻ
2021 ജൂലായ് 7-11

നിരൂപകൻ, അദ്ധ്യാപകൻ, സാംസ്കാരികപ്രവർത്തകൻ, ചിത്രകാരൻ, സംഗീതജ്ഞൻ എന്നിങ്ങനെ വിവിധമേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച ഡോ. ടി. പി. സുകുമാരന്റെ സ്മരണയ്ക്കായി സാഹിത്യ അക്കാദമിയും എഫ്.എഫ്.എം. ട്രസ്റ്റും ജൂലായ് 7 മുതൽ 11 വരെ വെബിനാർ പരമ്പര സംഘടിപ്പിച്ചു.

അനുസ്മരണസമ്മേളനം കൃഷിവകുപ്പുമന്ത്രി പി.പ്രസാദ് ഉദ്ഘാടനം ചെയ്തു. അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ, ടി.കെ.വിജയരാഘവൻ, വിജു നായരങ്ങാടി, പ്രൊഫ.ബി.മുഹമ്മദ് അഹമ്മദ്, കെ.എം.ഭരതൻ, ബാലകൃഷ്ണൻ കൊയ്യാൽ, കവിതാ ബാലകൃഷ്ണൻ, പ്രമോദ് പയ്യന്നൂർ, വൈ. എ.സുധാകർറെഡ്ഡി, പ്രൊഫ.ബി.എ.വിവേക് റായ്, കാഞ്ച ഐലയ്യ, ഡോ.പുരുഷോത്തമ ബിലിമലെ, വൈശാഖൻ, രാമന്തളി രവി, ആലങ്കോട് ലീലാകൃഷ്ണൻ, കെ.ബാലകൃഷ്ണൻ, കെ.ടി.ബാബുരാജ് താഹ മാടായി, ശ്രീധരൻ ഞാറ്റുവേല എന്നിവർ പങ്കെടുത്തു.

### സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവം
ഓൺലൈൻ
2021 ജൂലായ് 19

സ്വാതന്ത്ര്യത്തിന്റെ 75-ാംവാർഷികാഘോഷങ്ങളുടെ ഭാഗമായി സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവം വെബിനാർ സംഘടിപ്പിച്ചു. '1931-ലെ ഗുരുവായൂർ സത്യഗ്രഹം' എന്നതായിരുന്നു വിഷയം. അക്കാദമി പ്രസിഡണ്ട് വൈശാഖൻ ഉദ്ഘാടനം ചെയ്തു. ഡോ.ഖദീജാ മുംതാസ്, ഡോ.കെ.പി.മോഹനൻ, ഡോ.കെ.ജി.പൗലോസ്, പ്രൊഫ.എം.എം. നാരായണൻ, ഡോ.കെ.ഗോപാലൻകുട്ടി, മൃദുല ദേവി എസ്. എന്നിവർ സംസാരിച്ചു.

### സാഹിത്യ അക്കാദമി പുരസ്കാരസമർപ്പണം
വെച്ചൂർ, വൈക്കം - 2021 ജൂലായ് 28

2019-ലെ സമഗ്രസംഭാവനാപുരസ്കാരം ദലിത് ബന്ധു എൻ.കെ.ജോസിന് അദ്ദേഹത്തിന്റെ വസതിയിൽവെച്ച് അക്കാദമി പ്രസിഡണ്ട് വൈശാഖൻ സമ്മാനിച്ചു.

### സാഹിത്യ അക്കാദമി പുരസ്കാരസമർപ്പണം
പയ്യന്നൂർ - 2021 ജൂലായ് 31

2019-ലെ സമഗ്രസംഭാവനാപുരസ്കാരം പി.അപ്പുക്കുട്ടന് അദ്ദേഹത്തിന്റെ വസതിയിൽവെച്ച് അക്കാദമി വൈസ് പ്രസിഡണ്ട് ഖദീജാ മുംതാസ് സമ്മാനിച്ചു.

### സാഹിത്യ അക്കാദമി 64-ാം വാർഷികാഘോഷവും പുരസ്കാരസമർപ്പണവും
സാഹിത്യ അക്കാദമി ഓഡിറ്റോറിയം
2021 ആഗസ്റ്റ് 4, 9, 12

ആഗസ്റ്റ് നാലിന് കേരള സാഹിത്യ അക്കാദമിയുടെ അറുപത്തിനാലാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനവും പുരസ്കാരസമർപ്പണവും തിരുവനന്തപുരം ഭാരത് ഭവനിൽവെച്ച് സാംസ്കാരികവകുപ്പുമന്ത്രി സജി ചെറിയാൻ നിർവ്വഹിച്ചു. അക്കാദമി പ്രസിഡണ്ട് വൈശാഖൻ അധ്യക്ഷനായിരുന്നു. റോസ് മേരിക്ക് സമഗ്രസംഭാവനാപുരസ്കാരവും വൈജ്ഞാനികസാഹിത്യത്തിനുള്ള അക്കാദമി പുരസ്കാരം ആർ.വി.ജി.മേനോനും കെ. ആർ.നമ്പൂതിരി എൻഡോവ്മെന്റ് അവാർഡ് സ്വാമി സന്ദീപാനന്ദഗിരിക്കും കനകശ്രീ എൻഡോവ്മെന്റ് അവാർഡ് ഡി.അനിൽകുമാറിനും ഗീതാ ഹിരണ്യൻ എൻഡോവ്മെന്റ് അവാർഡ് അമലിനും മന്ത്രി സമ്മാനിച്ചു.

പ്രൊഫ.വി.എൻ.മുരളി പുരസ്കാരജേതാക്കളെ പരിചയപ്പെടുത്തി. ഡോ.കെ.പി.മോഹനൻ സ്വാഗതവും വി.എസ്.ബിന്ദു നന്ദിയും പറഞ്ഞു.

തൃശൂരിൽ ഓഗസ്റ്റ് 9-ന് സാഹിത്യ അക്കാദമി ഓഡിറ്റോറിയത്തിൽവച്ചു നടന്ന ചടങ്ങിൽവെച്ചും പുരസ്കാരങ്ങൾ സമ്മാനിച്ചു. സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് ഡോ.ഖദീജാ മുംതാസ് അദ്ധ്യക്ഷത വഹിച്ചു. ഡോ.കെ.പി.മോഹനൻ സ്വാഗതപ്രസംഗവും പ്രസിഡന്റ് വൈശാഖൻ ഉദ്ഘാടനവും പുരസ്കാരസമർപ്പണവും നിർവ്വഹിച്ചു. ആലങ്കോട് ലീലാകൃഷ്ണൻ, ടി.ഡി.രാമകൃഷ്ണൻ എന്നിവർ പുരസ്കാരജേതാക്കളെ പരിചയപ്പെടുത്തി. പി.രാമൻ, എം.ആർ.രേണുകുമാർ, സജിത മഠത്തിൽ, ജിഷ അഭിനയ, ജി.മധുസൂദനൻ, അരുൺ എഴുത്തച്ഛൻ, കെ.അരവിന്ദാക്ഷൻ, കെ. ആർ.വിശ്വനാഥൻ, സത്യൻ അന്തിക്കാട്, പ്രൊഫ. പി.മാധവൻ, ബോബി ജോസ് കട്ടിക്കാട്, ഇ.എം. സുരജ എന്നിവർ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. പ്രൊഫ.എം.എം.നാരായണൻ, രാവുണ്ണി എന്നിവർ ആശംസാപ്രസംഗം നടത്തി. പബ്ലിക്കേഷൻസ് ഓഫീസർ ഈ.ഡി.ഡേവീസ് നന്ദി പറഞ്ഞു.

ഓഗസ്റ്റ് 12-ന് കോഴിക്കോട് നടന്ന ചടങ്ങിൽ പി. വത്സലയ്ക്കും ഡോ.എൻ.വി.പി.ഉണിത്തിരിക്കും വിശിഷ്ടാംഗത്വം സമ്മാനിച്ചു. സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരങ്ങൾ സി.പി.അബൂബക്കറും യു.കലാനാഥനും ഏറ്റുവാങ്ങി. എസ്.ഹരീഷ്, വിനോയ് തോമസ്, ഡോ.കെ.എം.അനിൽ, സി. എസ്.മീനാക്ഷി എന്നിവരും അവാർഡുകൾ സ്വീകരിച്ചു. ചടങ്ങിൽ അക്കാദമി വൈസ് പ്രസിഡന്റ് ഡോ.ഖദീജാ മുംതാസ് അദ്ധ്യക്ഷയായി. ടി.പി. വേണുഗോപാലൻ അവാർഡ് ജേതാക്കളെ പരിചയപ്പെടുത്തി. കെ.ഇ.എൻ., സുഭാഷ്ചന്ദ്രൻ, ഇ.പി. രാജഗോപാലൻ, യു.കെ.കുമാരൻ, പുരുഷൻ കടലുണ്ടി എന്നിവർ പങ്കെടുത്തു. ബി.എം.സുഹറ ആദരപത്രങ്ങൾ വായിച്ചു. അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ സ്വാഗതവും പവിത്രൻ തീക്കുനി നന്ദിയും പറഞ്ഞു. ആത്മകഥയ്ക്കുള്ള പുരസ്കാരം ഡോ.എം.ജി.എസ്.നാരായണന് മലാപ്പറമ്പിലെ വീട്ടിലെത്തി ഡോ. ഖദീജാ മുംതാസും ഡോ.കെ.പി.മോഹനനും സമ്മാനിച്ചു.

## തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ– ബിഷപ്പ് പൗലോസ് മാർ പൗലോസ്

പുസ്തകപ്രകാശനം
അക്കാദമി, തൃശൂർ– 2021 സെപ്തംബർ 14

യേശുവിൽ വിശ്വസിക്കുന്നവർ സത്യത്തിന്റെ പക്ഷത്തു നിൽക്കുമെന്ന് സാഹിത്യ അക്കാദമി പ്രസിഡന്റ് വൈശാഖൻ. ഈ.ഡി.ഡേവീസ് എഡിറ്റ് ചെയ്ത് അക്കാദമി പ്രസിദ്ധീകരിച്ച ബിഷപ്പ് ഡോ.പൗലോസ് മാർ പൗലോസിന്റെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ സെപ്തംബർ 13-ന് അക്കാദമി ഹാളിൽ പ്രകാശനംചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സെക്രട്ടറി കെ.പി.മോഹനൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ മാത്യു തോമസ്, ഡോ.കാവുമ്പായി ബാലകൃഷ്ണൻ, പി.എസ്.ഇക്ബാൽ, സിസ്റ്റർ ജെസ്മി, ഇ.ടി.വർഗീസ്, സിസ്റ്റർ ഡോ.ജിൻസി ഓത്തോത്തിൽ, അഡ്വ.ജോർജ്ജ് പുലിക്കുത്തിയിൽ, ഫാ.ജോർജ്ജ് തേനാടിക്കുളം, ഈ.ഡി.ഡേവീസ്, കെ.എസ്.സുനിൽകുമാർ എന്നിവർ സംസാരിച്ചു.

## എൻ.വി.യുടെ ഗദ്യകൃതികൾ 11 വാല്യങ്ങൾ

പുസ്തകപ്രകാശനം
മുഖ്യമന്ത്രിയുടെ ഓഫീസ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം – 2021 ഒക്ടോബർ 2

കേരള സാഹിത്യ അക്കാദമി പതിനൊന്ന് വാല്യങ്ങളായി പ്രസിദ്ധീകരിച്ച എൻ.വി.കൃഷ്ണവാരിയരുടെ സമ്പൂർണ്ണഗദ്യകൃതികൾ മുഖ്യമന്ത്രി പിണറായി വിജയൻ സക്കറിയയ്ക്ക് നൽകി പ്രകാശനം ചെയ്തു.

## എൻ.വി.യുടെ അനുസ്മരണസമ്മേളനവും എൻ.വി.കൃതികൾ ലൈബ്രറികൾക്ക് സമർപ്പണവും

അക്കാദമി, തൃശൂർ– 2021 ഒക്ടോബർ 12

വിജ്ഞാനത്തെ പൊതുസമൂഹത്തിന്റെ സ്വത്താക്കുകവഴി മഹത്തായ രാഷ്ട്രീയദൗത്യം നിർവ്വഹിച്ച എഴുത്തുകാരനായിരുന്നു എൻ.വി.കൃഷ്ണവാരിയരെന്ന് പ്രഭാഷകനും സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗവുമായ ഡോ.സുനിൽ പി. ഇളയിടം. സ്വാധികാരമുള്ള ഒരു ജനതയെ സൃഷ്ടിച്ചെടുക്കുക എന്ന ലക്ഷ്യമാണ് ഏകാകിയായ ഒരു പോരാളിയായിനിന്ന് എൻ.വി.കൃഷ്ണവാരിയർ നിറവേറ്റിയത്. കേരള സാഹിത്യ അക്കാദമി എൻ.വി.കൃഷ്ണവാരിയരുടെ ഓർമ്മദിനത്തോടനുബന്ധിച്ച് അക്കാദമി ഹാളിൽ സംഘടിപ്പിച്ച അനുസ്മരണസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ഡോ.സുനിൽ പി. ഇളയിടം.

അക്കാദമി പ്രസിഡണ്ട് വൈശാഖൻ അനുസ്മരണസമ്മേളനം ഉദ്ഘാടനംചെയ്തു. പ്രൊഫ. കെ.വി.രാമകൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു. 31

ലൈബ്രറികൾക്ക് എൻ.വി. ഗദ്യകൃതികളുടെ കോപ്പികൾ സമർപ്പിച്ചു. ഈ.ഡി.ഡേവീസ്, എൻ.ജി. നയനതാര എന്നിവർ സംസാരിച്ചു.

### ധ്വന്യാലോകം– ആനന്ദവർദ്ധനൻ

പുസ്തകപ്രകാശനവും പ്രഭാഷണവും
അക്കാദമി, തൃശൂർ – 2021 നവംബർ 11

മലയാളത്തിലെ സാഹിത്യവിമർശകർ പലരും പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങൾക്ക് പിറകേ പോവുകയാണെന്നും, ലോകസാഹിത്യത്തിന് ഇന്ത്യൻ സാഹിത്യദർശനങ്ങൾ വഴികാട്ടിയാണെന്നത് വിസ്മരിക്കരുതെന്നും കേരള കലാമണ്ഡലം വൈസ് ചാൻസലർ ഡോ.ടി.കെ.നാരായണൻ പറഞ്ഞു. ചാത്തനാത്ത് അച്യുതനുണ്ണി പരിഭാഷയും പഠനവും നിർവ്വഹിച്ച്, കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച ആനന്ദവർദ്ധനന്റെ ധ്വന്യാലോകം എന്ന പുസ്തകം വൈലോപ്പിള്ളി ഹാളിൽ ഡോ.വി.കെ.വിജയന് നൽകി പ്രകാശനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

അക്കാദമി പ്രസിഡണ്ട് വൈശാഖൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ 'ഭാരതീയസൗന്ദര്യശാസ്ത്രചിന്തകളും നവനിരൂപണപദ്ധതികളും' എന്ന വിഷയത്തിൽ ഡോ.കെ.എം.അനിൽ പ്രഭാഷണം നടത്തി. ചാത്തനാത്ത് അച്യുതനുണ്ണി, ഡോ.വി.കെ.വിജയൻ, ഡോ.കെ.പി.മോഹനൻ, ഈ.ഡി. ഡേവീസ് എന്നിവർ സംസാരിച്ചു.

### അപ്പൻതമ്പുരാൻ അനുസ്മരണം

അയ്യന്തോൾ, തൃശൂർ – 2021 നവംബർ 19

കേരളവർമ്മ അപ്പൻതമ്പുരാന്റെ ചരമവാർഷിക ദിനത്തിൽ അപ്പൻതമ്പുരാൻ സ്മാരകവായനശാലയും സംയുക്തമായി തൃശൂർ അയ്യന്തോളിലെ അപ്പൻതമ്പുരാൻ സ്മാരകത്തിൽ പുഷ്പാർച്ചനയും അനുസ്മരണസമ്മേളനവും സംഘടിപ്പിച്ചു. അക്കാദമി പ്രസിഡണ്ട് വൈശാഖൻ ഉദ്ഘാടനം ചെയ്തു. അക്കാദമി സെക്രട്ടറി കെ.പി.മോഹനൻ അദ്ധ്യക്ഷതവഹിച്ചു. എൻ.ശങ്കുണ്ണിമേനോൻ, എ. പി.രാജൻ, കടാങ്കോട് പ്രഭാകരൻ, അനു പ്രഭാകരൻ എന്നിവർ സംസാരിച്ചു.

### ഗോത്രായനം യുവസാഹിത്യശില്പശാല

തിരുനെല്ലി, വയനാട് – 2021 നവംബർ 26–28

വയനാട് കുടുംബശ്രീ മിഷന്റെ തിരുനെല്ലി ആദിവാസി സമഗ്രവികസനപദ്ധതിയുമായി സഹകരിച്ച് സാഹിത്യ അക്കാദമി ഗോത്രായനം എന്ന പേരിൽ യുവസാഹിത്യശില്പശാല സംഘടിപ്പിച്ചു. മലയാളസാഹിത്യത്തിൽ ദൃശ്യമാവുന്ന ആദിവാസി സാന്നിധ്യത്തെ അടയാളപ്പെടുത്താനുള്ള ശ്രമമായിരുന്നു ഇത്. പി.രാമനായിരുന്നു ശില്പശാല ഡയറക്ടർ. മലയാളം എന്ന മാനകഭാഷയുടെ നാലതിരുകൾക്കപ്പുറം പ്രാദേശികവും വംശീയവുമായ അനുഭവങ്ങൾ ആവിഷ്കരിക്കുന്ന സാഹിത്യകൃതികളുടെ ലാവണ്യബോധത്തെപ്പറ്റിയുള്ള സംവാദങ്ങൾ നടന്നു.

അക്കാദമി പ്രസിഡണ്ട് വൈശാഖൻ ശില്പശാല ഉദ്ഘാടനംചെയ്തു. ഡോ.ഖദീജാ മുംതാസ്, സായി കൃഷ്ണൻ, അസീസ് തരുവണ, പി.ശിവലിംഗൻ, അശോകൻ മറയൂർ, നിർമ്മാല്യമണി, എം. ബി.മനോജ്, ധന്യ വേങ്ങച്ചേരി, അശ്വനി ആർ.ജീവൻ, സുകുമാരൻ ചാലിഗദ്ധ, സുരേഷ് എം.മാവിലൻ, ഡി.അനിൽകുമാർ, അജയൻ മടൂർ, ശാന്തി പനയ്ക്കൻ, ഡോ.നാരായണൻ എം.എസ്. തുടങ്ങിയവർ സംസാരിച്ചു. കെ.കെ.ശൈലജ എം. എൽ.എ. ഉദ്ഘാടനംചെയ്ത സമാപനസമ്മേളനത്തിൽ അക്കാദമി സെക്രട്ടറി കെ.പി.മോഹനൻ ഗോത്രകവിതകളുടെ പ്രകാശനസാധ്യതകളിലേക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. ഗോത്രകലാവിഷ്കാരങ്ങൾ, ഗദ്ദിക, ആദിവാസിഗാനങ്ങൾ, നാടൻപാട്ടുകൾ എന്നിവ അരങ്ങേറി.

### ഡോ. ടി. പി. സുകുമാരൻ പ്രബന്ധങ്ങൾ

പുസ്തകപ്രകാശനം
ജവഹർ ലൈബ്രറി ഓഡിറ്റോറിയം, കണ്ണൂർ
2021 നവംബർ 30

കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച ഡോ.ടി.പി.സുകുമാരന്റെ പ്രബന്ധങ്ങൾ കണ്ണൂരിൽവച്ചു നടന്ന ചടങ്ങിൽ ടി.പത്മനാഭൻ പ്രകാശനം ചെയ്തു. എഴുത്തിലും നാടകത്തിലും ജീവിതത്തിലും ഗ്രാമീണവിശുദ്ധി കാത്തുസൂക്ഷിച്ച വ്യക്തിയായിരുന്നു ഡോ.ടി.പി.സുകുമാരനെന്ന് അദ്ദേഹം അനുസ്മരിച്ചു. നാടകകൃത്ത് എം.കെ.മനോഹരൻ പുസ്തകം ഏറ്റുവാങ്ങി. അക്കാദമി വൈസ് പ്രസിഡണ്ട് ഡോ.ഖദീജാ മുംതാസ് അദ്ധ്യക്ഷയായിരുന്ന ചടങ്ങിൽ സെക്രട്ടറി ഡോ.കെ.പി.മോഹനൻ, ഇ.പി. രാജഗോപാലൻ, ആലങ്കോട് ലീലാകൃഷ്ണൻ, ടി.പി. വേണുഗോപാലൻ, കെ.എം.നരേന്ദ്രൻ, ബാലകൃഷ്ണൻ കൊയ്യാൽ, ടി.വി.ബാലൻ, നാരായണൻ കാവുമ്പായി, ഈ.ഡി.ഡേവീസ് എന്നിവർ സംസാരിച്ചു.

## സാഹിത്യ അക്കാദമി പുരസ്കാരസമർപ്പണം
ഭാരത് ഭവൻ, തിരുവനന്തപുരം – 2021 ഡിസംബർ 8

കേരള സാഹിത്യ അക്കാദമിയുടെ 2020-ലെ വിശിഷ്ടാംഗത്വവും സമഗ്രസംഭാവനാപുരസ്കാരങ്ങളും അക്കാദമി അവാർഡുകളും എൻഡോവ്മെന്റ് അവാർഡുകളും ഭാരത് ഭവനിൽ നടന്ന ചടങ്ങിൽ ഡിസംബർ ഒമ്പതിന് സാംസ്കാരികവകുപ്പുമന്ത്രി സജി ചെറിയാൻ സമർപ്പിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതുള്ളതുകൊണ്ടും പുരസ്കാര ജേതാക്കളുടെ സൗകര്യംകൂടി കണക്കിലെടുത്തും തിരുവനന്തപുരത്തും തൃശൂരുമായി രണ്ടിടങ്ങളിൽ വെച്ചായിരുന്നു ഇത്തവണ പുരസ്കാരസമർപ്പണം.

പെരുമ്പടവം ശ്രീധരൻ, സേതു എന്നിവരാണ് വിശിഷ്ടാംഗത്വത്തിനായി തെരഞ്ഞെടുക്കപ്പെട്ടത്. വിശിഷ്ടാംഗത്വം മന്ത്രി സജി ചെറിയാൻ പെരുമ്പടവം ശ്രീധരന് സമർപ്പിച്ചു. സേതുവിനുള്ള വിശിഷ്ടാംഗത്വം അദ്ദേഹത്തിന്റെ വീട്ടിൽവെച്ചു നടന്ന ചടങ്ങിൽ അക്കാദമി പ്രസിഡണ്ട് വൈശാഖൻ സമർപ്പിച്ചു. കെ.കെ.കൊച്ച്, കെ.ആർ.മല്ലിക, ചവറ കെ.എസ്. പിള്ള എന്നിവർക്ക് സമഗ്രസംഭാവനാപുരസ്കാരങ്ങളും ഒ.പി.സുരേഷ്, ഉണ്ണി ആർ., ഡോ.പി.സോമൻ, ഡോ.ടി.കെ.ആനന്ദി, വിധു വിൻസെന്റ് എന്നിവർക്ക് അക്കാദമി അവാർഡുകളും, ഡോ.ജെ.പ്രഭാഷ്, ഡോ. വി.ശിശുപാലപ്പണിക്കർ എന്നിവർക്ക് എൻഡോവ്മെന്റ് പുരസ്കാരങ്ങളും മന്ത്രി സമർപ്പിച്ചു.

## ഖാദർപെരുമ
ടൗൺഹാൾ, കോഴിക്കോട് – 2021 ഡിസംബർ 11,12

പ്രാദേശികസംസ്കൃതിയുടെ മൊഴിച്ചന്തവും പച്ചപ്പും കൃതികളിലൂടെ പകർത്തിയെടുത്ത യു.എ. ഖാദറിന്റെ ഒന്നാം ചരമവാർഷികത്തിൽ കേരള സാഹിത്യ അക്കാദമിയും യു.എ.ഖാദർ അനുസ്മരണസമിതിയും സംയുക്തമായി കോഴിക്കോട് ടൗൺ ഹാളിൽ സംഘടിപ്പിച്ച ഖാദർപെരുമ മന്ത്രി അഹമ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്തു. ബർമ്മക്കാരനായി ജനിച്ചുവെങ്കിലും ജന്മനാടിനേക്കാൾ കൂടുതൽ മലയാളത്തെ സ്നേഹിച്ച പ്രതിഭയായിരുന്നു ഖാദറനെന്ന് അദ്ദേഹം അനുസ്മരിച്ചു.

കോഴിക്കോട് മേയർ ബീനാ ഫിലിപ്പ് ഖാദറിന്റെ ഛായാചിത്രം അനാച്ഛാദനം ചെയ്തു. അക്കാദമി വൈസ് പ്രസിഡണ്ട് ഡോ. ഖദീജാ മുംതാസ് അദ്ധ്യക്ഷയായിരുന്നു. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ., പുരുഷൻ കടലുണ്ടി, ജമാൽ കൊച്ചങ്ങാടി എന്നിവർ പങ്കെടുത്തു. എൻ.ഇ.ഹരികുമാർ സംവിധാനം ചെയ്ത ഉറഞ്ഞാടുന്ന ദേശങ്ങൾ എന്ന ഡോക്യുമെന്ററി ഒന്നാം ദിവസം പ്രദർശിപ്പിച്ചു.

ഭാഷയിലെ വേറിട്ട വഴികൾ എന്ന സെമിനാറിൽ സജയ് കെ.വി., റീജ വി. എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പി.കെ.പോക്കർ മോഡറേറ്ററായിരുന്നു. ഇ. പി.രാജഗോപാലൻ മുഖ്യപ്രഭാഷണം നടത്തി. ജന്മബന്ധത്തിന്റെ ചങ്ങലകൾ എന്ന സെമിനാറിൽ ഐസക് ഈപ്പൻ, സുനീത ടി.വി., എം.സി.അബ്ദുൾ നാസർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. എൻ. പി.ഹാഫിസ് മുഹമ്മദ് മോഡറേറ്ററായിരുന്നു. കെ.ഇ. എൻ. മുഖ്യപ്രഭാഷണം നടത്തി. ദേശം, ദേശീയത, പ്രാദേശികത എന്ന സെമിനാറിൽ ഡോ.കെ.എം.ഭരതൻ, ഡോ.കെ.എം.അനിൽ, ഷാഹിന റഫീക്ക് എന്നിവർ പ്രബന്ധാവതരണം നടത്തി. രാജേന്ദ്രൻ എടത്തുംകര മോഡറേറ്ററായിരുന്നു. ഡോ.കെ.പി.മോഹനൻ മുഖ്യപ്രഭാഷണം നടത്തി.

സമാപനസമ്മേളനം എം.എ.ബേബി ഉദ്ഘാടനം ചെയ്തു. ടി.പത്മനാഭൻ മുഖ്യാതിഥിയായിരുന്നു. അക്കാദമി പ്രസിഡണ്ട് വൈശാഖൻ അദ്ധ്യക്ഷനായിരുന്നു. യു.എ.ഖാദറിന്റെ ഗന്ധമാപിനി, ഇരുൾ പാരിതോഷികം എന്നീ ഗ്രന്ഥങ്ങൾ ഐസക് ഈപ്പനു നൽകി പി.കെ.പാറക്കടവ് പ്രകാശനംചെയ്തു. മനുഷ്യാനന്തരകാലത്തെ പൗരത്വം എന്ന വിഷയത്തിൽ ഡോ.ടി.ടി.ശ്രീകുമാർ സ്മാരകപ്രഭാഷണം നടത്തി. അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ, സുഭാഷ് ചന്ദ്രൻ, പി.കെ.പാറക്കടവ് എന്നിവരും സംസാരിച്ചു.

## സാഹിത്യ അക്കാദമി പുരസ്കാരസമർപ്പണം
അക്കാദമി ഓഡിറ്റോറിയം, തൃശൂർ – 2021 ഡിസംബർ 16

അക്കാദമിയുടെ പുരസ്കാരസമർപ്പണച്ചടങ്ങിന്റെ രണ്ടാംഘട്ടം അക്കാദമി ഓഡിറ്റോറിയത്തിൽ ഡിസംബർ 6-ന് നടന്നു. അക്കാദമി പ്രസിഡണ്ട് വൈശാഖൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. അക്കാദി വൈസ് പ്രസിഡണ്ട് ഖദീജാ മുംതാസ് അദ്ധ്യക്ഷനായിരുന്നു. അക്കാദമി സെക്രട്ടറി സ്വാഗതപ്രസംഗം നടത്തി. ഇ.പി.രാജഗോപാലൻ, ആലങ്കോട് ലീലാകൃഷ്ണൻ എന്നിവർ പുരസ്കാരജേതാക്കളെ പരിചയപ്പെടുത്തി.

മാമ്പുഴ കുമാരൻ, സിദ്ധാർത്ഥൻ പരുത്തിക്കാട്, എം.എ.റഹ്മാൻ എന്നിവർക്ക് സമഗ്രസംഭാവനാ പുരസ്കാരവും പി.എഫ്.മാത്യൂസ്, ശ്രീജിത്ത് പൊയിൽക്കാവ്, കെ.രഘുനാഥൻ, ഇന്നസെന്റ്, സംഗീതാ ശ്രീനിവാസൻ, പ്രിയ എ.എസ്. എന്നിവർക്ക് അക്കാദമി അവാർഡുകളും ചിത്തിര

കുസുമൻ, കെ.എൻ.പ്രശാന്ത്, കേശവൻ വെളു ത്താട്ട്, വി.വിജയകുമാർ, എം.വി.നാരായണൻ എന്നി വർക്ക് എൻഡോവ്മെന്റ് അവാർഡുകളും, ഗീതു എസ്.എസിന് തുഞ്ചൻ സ്മാരക ഉപന്യാസപുര സ്കാരവും സമർപ്പിച്ചു. കെ.ഇ.എൻ., മ്യൂസ് മേരി ജോർജ്ജ്, ടി.പി.വേണുഗോപാലൻ, കെ.എസ്.സു നിൽകുമാർ എന്നിവർ സംസാരിച്ചു.

### കേസരി – സമകാലികതയുടെ സഞ്ചാരങ്ങൾ

അക്കാദമി ഓഡിറ്റോറിയം തൃശൂർ
2021 ഡിസംബർ 20–22

കേരള സാഹിത്യ അക്കാദമിയും നവമലയാളി വെബ് മാസികയും സംയുക്തമായി 'കേസരി: സമ കാലികതയുടെ സഞ്ചാരങ്ങൾ' എന്ന പേരിൽ നവം ബർ 20, 21, 22 തീയതികളിൽ ത്രിദിന പ്രഭാഷണ രമ്പര സംഘടിപ്പിച്ചു. 'ആധുനികതയുടെ പാർപ്പിട ങ്ങൾ: വ്യക്തിജീവിതവും പത്രാധിപത്യവും,' 'സംക്രമണചിന്ത: കേസരിയുടെ കലാസാഹിത്യ ദർശനം', 'യൂറോകേന്ദ്രിതത്വത്തിനപ്പുറം കേസരി യുടെ ചരിത്രവിചാരങ്ങൾ' എന്നീ വിഷയങ്ങളിലാ യിരുന്നു പ്രഭാഷണങ്ങൾ. സുനിൽ പി. ഇളയിടം പ്രഭാഷണങ്ങൾ നടത്തി.

അക്കാദമി പ്രസിഡണ്ട് വൈശാഖൻ പ്രഭാഷണ പരമ്പര ഉദ്ഘാടനംചെയ്തു. ഡോ.കെ.പി.മോഹ നൻ, മ്യൂസ് മേരി ജോർജ്ജ്, അഡ്വ.വി.എൻ.ഹരി ദാസ്, ഈ.ഡി.ഡേവീസ്, കവിതാ ബാലകൃഷ്ണൻ, രാജശേഖർ മേനോൻ, ടി.ഡി.രാമകൃഷ്ണൻ, സ്വാതി ജോർജ്ജ്, എൻ.ജി.നയനതാര, കെ.എസ്. സുനിൽകുമാർ എന്നിവർ സംസാരിച്ചു.

### അതിരാണിപ്പാടം

എസ്.കെ.പൊറ്റെക്കാട്ട് കൾച്ചറൽ സെന്റർ, കോഴി ക്കോട് – 2022 ജനുവരി 15, 16

കേരള സാഹിത്യ അക്കാദമിയും എസ്.കെ.പൊ റ്റെക്കാട്ട് കൾച്ചറൽ സെന്ററും സംയുക്തമായി സംഘടിപ്പിച്ച ഒരു ദേശത്തിന്റെ കഥയുടെ അമ്പതാംവാർഷികം 'അതിരാണിപ്പാടം@50' സാംസ്കാരികവകുപ്പുമന്ത്രി സജി ചെറിയാൻ ഉദ്ഘാടനംചെയ്തു. അക്കാദമി പ്രസിഡണ്ട് വൈശാഖൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രി അഹമ്മദ് ദേവർകോവിൽ, മേയർ ഡോ.ബീന ഫിലി പ്പ്, കല്പറ്റ നാരായണൻ, ഡോ.ഖദീജാ മുംതാസ്, പി. എം.സുരേഷ് ബാബു, പുരുഷൻ കടലുണ്ടി, പി.എം. വി.പണിക്കർ, സി.വി.രാമചന്ദ്രൻ, ഡോ.കെ.പി.മോ ഹനൻ, ഇ.ജയരാജൻ എന്നിവർ സംസാരിച്ചു.

### ഡോ. സുകുമാർ അഴീക്കോട് അനുസ്മരണം

എരവിമംഗലം – 2022 ജനുവരി 24

എരവിമംഗലം സുകുമാർ അഴീക്കോട് സ്മാര കമന്ദിരത്തിൽ അക്കാദമി സംഘടിപ്പിച്ച അഴീക്കോ ടിന്റെ പത്താം ചരമവാർഷികദിനാചരണം റവന്യൂ വകുപ്പുമന്ത്രി കെ.രാജൻ ഉദ്ഘാടനംചെയ്തു. സാഹിത്യ അക്കാദമി പ്രസിഡണ്ട് വൈശാഖൻ, കെ.വി.സജു, പി.ആർ.രജിത്, ജയൻ കെ.ജെ., എം. പീതാംബരൻ, ഈ.ഡി.ഡേവീസ്, കെ.എസ്. സുനിൽകുമാർ, എന്നിവർ പങ്കെടുത്തു.

### വി.കെ.എൻ. അനുസ്മരണം

തിരുവില്വാമല – 2022 ജനുവരി 25

തിരുവില്വാമല വി.കെ.എൻ.സ്മാരകത്തിൽ നടന്ന വി.കെ.എൻ. ചരമദിനച്ചടങ്ങിൽ സാഹിത്യ അക്കാദമി പ്രസിഡണ്ട് വൈശാഖൻ പുഷ്പാർച്ചന നടത്തി. ഞ്ഞു.

### ലോകകവിതാദിനം

സാഹിത്യ അക്കാദമി, തൃശൂർ – 2022 മാർച്ച് 21

നിർഭയതയുടെ ആഘോഷമാകണം കവിത യെന്ന് കവി കെ.ജി.എസ്. കേരള സാഹിത്യ അക്കാ ദമി സംഘടിപ്പിച്ച ലോകകവിതാദിനാചരണം ഉദ്ഘാടനംചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. അക്കാദമി വൈസ് പ്രസിഡണ്ട് അശോകൻ ചരുവിൽ, സെക്രട്ടറി സി. പി.അബൂബക്കർ, പി.പി.രാമചന്ദ്രൻ, രാവുണ്ണി, വി.ജി.തമ്പി, എസ്.ജോസഫ്, പി.എൻ.ഗോപീകൃ ഷ്ണൻ, കെ.ആർ.ടോണി, പി.രാമൻ, എം.ആർ.രേ ണുകുമാർ, അൻവർ അലി, റോസി തമ്പി, വി.ആർ. സന്തോഷ്, വർഗീസാന്റണി എന്നിവർ പങ്കെടുത്തു.

### സർഗ്ഗം 2022 – ത്രിദിന സാഹിത്യശില്പശാല

2021 മാർച്ച് 23–25

ലോകത്തിന് ഇന്നാവശ്യം കരയുന്ന മനസ്സുള്ള ആർദ്രതയുള്ള നേതാക്കളെയാണെന്ന് അക്കാദമി പ്രസിഡണ്ട് സച്ചിദാനന്ദൻ പറഞ്ഞു. ഫാസിസം സംസാരിക്കുന്നത് പുരുഷാധിപത്യത്തിന്റെ മൂല്യ ങ്ങളാണ്. കേരള സാഹിത്യ അക്കാദമിയും കുടുംബശ്രീ മിഷനും സംയുക്തമായി സംഘടി പ്പിച്ച ത്രിദിന സാഹിത്യശില്പശാല സർഗ്ഗം-2022 ഉദ്ഘാടനംചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സി.പി.അബൂബക്കർ, രാജേഷ്, എ.എസ്.ശ്രുതി,

ബി.എസ്.മനോജ്കുമാർ, രാധാകൃഷ്ണൻ കെ. എന്നിവർ സംസാരിച്ചു.

**കുഞ്ഞുണ്ണിമാഷ് സ്മരണ**

കുഞ്ഞുണ്ണിമാഷ് സ്മാരകം, വലപ്പാട്–2022 മാർച്ച് 26

കുഞ്ഞുണ്ണിമാഷ് സ്മാരകത്തിൽ നടന്ന കുഞ്ഞുണ്ണിമാഷ് സ്മരണ അക്കാദമി പ്രസിഡണ്ട് സച്ചിദാനൻ ഉദ്ഘാടനംചെയ്തു. സി.പി.അബൂബക്കർ, സി.സി.മുകുന്ദൻ എം.എൽ.എ., ഷിനിത വി.ഡി., അശോകൻ ചരുവിൽ, രാവുണ്ണി, ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ, ഗീത ഗോപി, ഉഷ കേശവരാജ്, മല്ലിക ദേവൻ, രശ്മി ഷിജോ, അരവിന്ദൻ പണിക്കശ്ശേരി, കെ.ഗോവിന്ദൻമാസ്റ്റർ, ആർ.ഐ. സക്കറിയ, വി.ആർ.ബാബു, ഇ.കെ.തോമസ് മാസ്റ്റർ എന്നിവർ സംസാരിച്ചു.

**സമത്വം– പ്രഭാഷണപരമ്പര**

ശ്രീരാമചന്ദ്ര യു.പി.സ്കൂൾ, എടക്കളത്തൂർ–2022 മാർച്ച് 27–31

കേരള സാഹിത്യ അക്കാദമിയും ദേശാഭിമാനി കലാസാംസ്കാരിക വേദി ആന്റ് പബ്ലിക് ലൈബ്രറിയും ചേർന്ന് എടക്കളത്തൂർ ശ്രീരാമചന്ദ്ര യു.പി. സ്കൂളിൽ അഞ്ച് ദിവസങ്ങളിലായി സംഘടിപ്പിച്ച പ്രഭാഷണപരമ്പര അഡ്വ. ആശ ഉണ്ണിത്താൻ, ഡോ. ഷിബു എസ്.കൊട്ടാരം, വിജയരാജമല്ലിക, ശിവജി ഗുരുവായൂർ, പ്രിയനന്ദനൻ എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

## സാഹിത്യ അക്കാദമി അവാർഡുകൾ

**വിശിഷ്ടാംഗത്വം**

1. **സേതു**
2. **പെരുമ്പടവം ശ്രീധരൻ**

(50,000 രൂപയും രണ്ടു പവന്റെ സ്വർണ്ണപ്പതക്കവും പ്രശസ്തിപത്രവും പൊന്നാടയും ഫലകവുമാണ് പുരസ്കാരം.)

**സമഗ്രസംഭാവനാപുരസ്കാരം**

1. **കെ.കെ.കൊച്ച്**
2. **മാമ്പുഴ കുമാരൻ**
3. **കെ.ആർ.മല്ലിക**
4. **സിദ്ധാർത്ഥൻ പരുത്തിക്കാട്**
5. **ചവറ കെ.എസ്.പിള്ള**
6. **എം.എ.റഹ്മാൻ**

(30,000 രൂപയും സാക്ഷ്യപത്രവും പൊന്നാടയും ഫലകവുമാണ് പുരസ്കാരം.)

**അക്കാദമി അവാർഡുകൾ**

(25,000 രൂപയും സാക്ഷ്യപത്രവും ഫലകവുമാണ് പുരസ്കാരം.)

| | | | |
|---|---|---|---|
| 1. | **നോവൽ** | അടിയാളപ്രേതം | **പി.എഫ്.മാത്യൂസ്** |
| 2. | **കവിത** | താജ്മഹൽ | **ഒ.പി.സുരേഷ്** |
| 3. | **നാടകം** | ദ്വയം | **ശ്രീജിത്ത് പൊയിൽക്കാവ്** |
| 4. | **ചെറുകഥ** | വാങ്ക് | **ഉണ്ണി ആർ.** |

| | | | |
|---|---|---|---|
| **5.** | **സാഹിത്യവിമർശനം** | വൈലോപ്പിള്ളിക്കവിത ഒരു ഇടതുപക്ഷവായന | **ഡോ. പി. സോമൻ** |
| **6.** | **വൈജ്ഞാനികസാഹിത്യം** | മാർക്സിസവും ഫെമിനിസവും ചരിത്രപരമായ വിശകലനം | **ഡോ. ടി. കെ. ആനന്ദി** |
| **7.** | **ജീവചരിത്രം/ആത്മകഥ** | മുക്തകണ്ഠം വികെഎൻ | **കെ. രഘുനാഥൻ** |
| **8.** | **യാത്രാവിവരണം** | ദൈവം ഒളിവിൽപോയ നാളുകൾ | **വിധു വിൻസെന്റ്** |
| **9.** | **വിവർത്തനം** | റാമല്ല ഞാൻ കണ്ടു | **അനിതാതമ്പി** |
| | | ഉപേക്ഷിക്കപ്പെട്ട ദിവസങ്ങൾ | **സംഗീത ശ്രീനിവാസൻ** |
| **10.** | **ബാലസാഹിത്യം** | പെരുമഴയത്തെ കുഞ്ഞിതളുകൾ | **പ്രിയ എ. എസ്.** |
| **11.** | **ഹാസസാഹിത്യം** | ഇരിങ്ങാലക്കുടയ്ക്കു ചുറ്റും | **ഇന്നസെന്റ്** |

**അക്കാദമി എന്റോവ്മെന്റ് അവാർഡുകൾ**

1. **ഐ. സി. ചാക്കോ അവാർഡ്**– ഭാഷാശാസ്ത്രം, വ്യാകരണം, ശാസ്ത്രപഠനം (5000രൂപ)

വ്യാകരണപാഠങ്ങൾ — **പി. നാരായണമേനോൻ**

2. **സി. ബി. കുമാർ അവാർഡ്** – ഉപന്യാസം (3000 രൂപ)

വരകളേയും വാക്കുകളേയും ഭയക്കുമ്പോൾ — **പ്രൊഫ. ജെ. പ്രഭാഷ്**

വായനയും പ്രതിരോധവും — **ടി. ടി. ശ്രീകുമാർ**

3. **കെ. ആർ. നമ്പൂതിരി അവാർഡ്**– വൈദികസാഹിത്യം (2000 രൂപ)

വേദാന്തദർശനത്തിന് കേരളത്തിന്റെ സംഭാവന — **ഡോ. വി. ശിശുപാലപ്പണിക്കർ**

4. **കനകശ്രീ അവാർഡ്**– കവിത (2000 രൂപ)

പ്രഭോ പരാജിതനിലയിൽ... — **ചിത്തിര കുസുമൻ**

5. **ഗീതാ ഹിരണ്യൻ അവാർഡ്** –ചെറുകഥാസമാഹാരം (5000 രൂപ)

ആരാൻ — **കെ. എൻ. പ്രശാന്ത്**

6. **ജി. എൻ. പിള്ള അവാർഡ്**– വൈജ്ഞാനികസാഹിത്യം (3000 രൂപ)

മാർഗ്ഗിയും ദേശിയും ചില സാംസ്കാരികചിന്തകൾ — **കേശവൻ വെളുത്താട്ട്**

ശാസ്ത്രവും തത്ത്വചിന്തയും — **വി. വിജയകുമാർ**

7. **കുറ്റിപ്പുഴ അവാർഡ്** –സാഹിത്യവിമർശനം (2000 രൂപ)

ഓർമ്മയുടെ ഉത്ഭവം സംസ്കാര/അവതരണപഠനങ്ങൾ — **എം. വി. നാരായണൻ**

8. **തുഞ്ചൻസ്മാരക പ്രബന്ധമത്സരം** (5,000 രൂപ) — **ഗീതു എസ്. എസ്.**

# പ്രസിദ്ധീകരണവിഭാഗം

മലയാളഭാഷയെയും സാഹിത്യത്തെയും സംസ്കാരത്തെയും പരിപോഷിപ്പിക്കുന്നതിനുള്ള ക്രിയാത്മകപദ്ധതിയാണ് കേരള സാഹിത്യ അക്കാദമിക്ക് പുസ്തകപ്രസിദ്ധീകരണം. അതിൽ വൈജ്ഞാനികസാഹിത്യത്തിനാണ് കൂടുതൽ ഊന്നൽ. മഹാഗ്രന്ഥങ്ങൾ സ്വന്തമാക്കുന്നതിന് അക്ഷരസ്നേഹികൾക്ക് ആശ്രയിക്കാവുന്ന ഒരിടമായി അക്കാദമി മാറിക്കഴിഞ്ഞിട്ടുണ്ട്. പ്രസാധനരംഗത്ത് ഈ വർഷവും ശ്രദ്ധേയമായ ഇടപെടലുകൾ നടത്താൻ സാധിച്ചിട്ടുണ്ട്. കോവിഡ് കാലം കൊണ്ടുവന്ന മന്ദീഭാവങ്ങളെ മറികടന്ന് അക്കാദമി സജീവമാകാൻ തുടങ്ങിയ കാലയളവാണിത്. ആകർഷകവും അർത്ഥപൂർണവുമായ അനവധി പുസ്തകങ്ങൾ പ്രസാധനം ചെയ്യാനും വായനക്കാരിലേക്കെത്തിക്കാനും അക്കാദമി വലിയ ശ്രമങ്ങൾ നടത്തി.

മലയാണ്മയുടെ ഈടുവെപ്പുകളായി മാറിക്കഴിഞ്ഞ ക്ലാസിക്കുകൾമുതൽ ഏറ്റവും പുതിയ കാലത്തിന്റെ ധൈഷണികമുദ്രകൾ പതിഞ്ഞ ഗവേഷണപഠനങ്ങൾവരെ അക്കാദമി ഇക്കാലയളവിൽ പ്രസിദ്ധീകരിച്ചു. വൈജ്ഞാനികസാഹിത്യം, സർഗാത്മകസാഹിത്യം, സാഹിത്യചരിത്രം, സാംസ്കാരികവിമർശനം, വിവർത്തനം, വ്യാകരണം, ഭാഷാശാസ്ത്രം, നിഘണ്ടു, ഉപന്യാസങ്ങൾ എന്നിങ്ങനെ വിവിധ ശാഖകളിൽപെട്ട പുസ്തകങ്ങളാണ് അക്കാദമി സഹൃദയർക്ക് ലഭ്യമാക്കിയത്. മറ്റ് പ്രസാധകർ ഏറ്റെടുക്കാൻ മടിക്കുന്നതും മലയാള സംസ്കൃതിയുടെ മുന്നോട്ടുപോക്കിന് അനിവാര്യവുമായ ഗ്രന്ഥങ്ങൾ കച്ചവടലാഭമോ, വിപണിതാല്പര്യമോ പരിഗണിക്കാതെ അക്കാദമി പ്രസാധനം ചെയ്തുവരുന്നു. മാതൃഭാഷ-ഭരണഭാഷ എന്ന ക്യാമ്പയിനിൽ ഇടപെട്ട് അക്കാദമി ഊർജസ്വലമായി പ്രവർത്തിച്ചുവരുന്നതും എടുത്തുപറയേണ്ടതാണ്.

നവോത്ഥാനമൂല്യങ്ങളും സാമൂഹ്യനീതിയെപ്പറ്റിയുള്ള ആധുനികസങ്കല്പങ്ങളും സഹിഷ്ണുതയുടെ സംസ്കാരവും ജനാധിപത്യവത്കരണത്തിന്റെ നവീനപ്രശ്നങ്ങളുമെല്ലാം ഉയർത്തിപ്പിടിക്കുന്ന പുരോഗമനചിന്താധാരകൾക്ക് മുന്നോട്ടുപോകുന്നതിന് പുതിയ കൈവഴികൾ വെട്ടിത്തുറക്കുക എന്ന ദൗത്യം പ്രതിജ്ഞാബദ്ധതയോടെ അക്കാദമി നിറവേറ്റിവരുന്നു. കേരളീയകലകളുടെ അതിജീവനത്തിനുതകുന്ന പഠനങ്ങൾക്കും പ്രാധാന്യം നൽകുന്നു. ആശയസംവാദങ്ങളുടെയും സർഗാവിഷ്കാരങ്ങളുടെയും ഭൂമികയിൽ പുത്തൻപൊടിപ്പുകൾ സാധ്യമാക്കുന്നതിന് അക്കാദമി ശ്രദ്ധിച്ചിട്ടുണ്ട്. സാഹിത്യവിദ്യാർത്ഥികൾക്കും അക്ഷരസ്നേഹികൾക്കും ഉപരിപഠനത്തിനുതകുന്നതും അക്കാദമികമായ അവബോധം നൽകുന്നതുമായ അപൂർവ്വഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിലൂടെ നിശ്ശബ്ദമായ ഭാഷാസേവനമാണ് അക്കാദമി നിർവഹിച്ചുവരുന്നത്.

പതിനൊന്ന് വാല്യങ്ങളടങ്ങിയ, 'എൻ.വി.യുടെ ഗദ്യകൃതികൾ' എന്ന എൻ.വി.കൃഷ്ണവാരിയരുടെ ലേഖനങ്ങളുടെ സമ്പൂർണ്ണസമാഹാരം പ്രസിദ്ധീകരിച്ചത് ആറരദശകം നീണ്ട അക്കാദമി പ്രസിദ്ധീകരണചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്. ഏകദേശം 7500-ൽപരം പേജുകളുള്ള ഈ ഗ്രന്ഥമാല ആധുനികവിജ്ഞാനലോകത്ത് നമ്മുടെ ഭാഷയുടെ ഔന്നത്യം വിശ്വവ്യാപകമായതിന്റെ തെളിവാണ്. പ്രീ-പബ്ലിക്കേഷൻ പദ്ധതിയിലൂടെയാണ് ഈ ബൃഹത്സംരംഭത്തിന് ആവശ്യമായ മൂലധനം പൂർണമായും സ്വരൂപിച്ചത്. സർക്കാർ ഗ്രാന്റോ, അക്കാദമി വികസനഫണ്ടോ ഇതിനായി ഉപയോഗിച്ചിട്ടില്ല. ഗ്രാമീണവായനശാലകളും കോളേജ് ലൈബ്രറികളുമടക്കം ഒട്ടേറെ സാംസ്കാരികസ്ഥാപനങ്ങൾ പ്രീ-പബ്ലിക്കേഷൻ പദ്ധതിയുമായി സഹകരിച്ചു. പുസ്തകത്തിന്റെ എഡിറ്റോറിയൽ ടീം പ്രതിഫലം വാങ്ങാതെയാണ് അവരുടെ സേവനം നൽകിയത്. പ്രൊഫ.കെ.വി.രാമകൃഷ്ണൻ(ജനറൽ എഡിറ്റർ), ഡോ.എസ്.കെ.വസന്തൻ, ഡോ.കാവുമ്പായി ബാലകൃഷ്ണൻ(എഡിറ്റർമാർ) എന്നിവരുടെ സഹകരണത്തിന് നന്ദി. ഇതിന്റെ പകർപ്പവകാശം അക്കാദമിക്ക് സൗജന്യമായി നൽകുകയും റോയൽറ്റി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് വകയിരുത്തുകയും ചെയ്ത എൻ.വി.യുടെ മകൾ ഡോ. പാർവതിക്കും നന്ദി.

കേരള സാഹിത്യ അക്കാദമിയുടെ 2021 വർഷത്തെ പുരസ്കാരങ്ങൾ അക്കാദമി പ്രസിദ്ധീകരിച്ച രണ്ട് പുസ്തകങ്ങൾക്ക് ലഭിക്കുകയുണ്ടായി. ഡോ.എൻ.അജയകുമാറിന്റെ 'വാക്കിലെ നേരങ്ങൾ' എന്ന പുസ്തകത്തിന് വിമർശനത്തിനുള്ള പുരസ്കാരവും, ഡോ.കവിത ബാലകൃഷ്ണന്റെ 'വായനാമനുഷ്യന്റെ കലാചരിത്രം' എന്ന പുസ്തകത്തിന്

കുറ്റിപ്പുഴ കൃഷ്ണപ്പിള്ള എൻഡോവ്മെന്റ് അവാർഡും ലഭിച്ചു. കവിത ബാലകൃഷ്ണന്റെ പുസ്തകം അബുദാബി ശക്തി അവാർഡും കരസ്ഥമാക്കി. ഡോ.സി.ആർ.സന്തോഷിന്റെ 'നാട്യശാസ്ത്രത്തിലെ രസഭാവങ്ങൾ' എന്ന പുസ്തകം ഗുരുദർശന അവാർഡിന് അർഹമായി. പി.നാരായണമേനോന്റെ 'വ്യാകരണപാഠങ്ങൾ' എന്ന കൃതിക്ക് (അക്കാദമി എൻഡോവ്മെന്റ് അവാർഡ് -2020) 2021-ലെ ആർ.ഐ.ഷംസുദ്ദീൻ പുരസ്കാരവും ലഭിച്ചു.

## 2021-2022-ൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

| | | |
|---|---|---|
| 1. | **ആനന്ദവർദ്ധനന്റെ ധ്വന്യാലോകം** | പരി.& പഠനം: ചാത്തനാത്ത് അച്യുതനുണ്ണി |
| 2. | **ഡോ.ടി.പി.സുകുമാരന്റെ പ്രബന്ധങ്ങൾ** | ഡോ.ടി.പി.സുകുമാരൻ |
| 3. | **സി.കൃഷ്ണൻ (മിതവാദി കൃഷ്ണന്റെ ജീവചരിത്രം)** | കെ.ആർ.അച്ചുതൻ |
| 4. | **മനഴിയുടെ കവിതകൾ** | ആർ.എൻ.മനഴി |
| 5. | **ജോർജ്ജ് തോമസിന്റെ കവിതകൾ** | ജോർജ്ജ് തോമസ് |
| 6. | **നഷ്ടമാകുന്ന നമ്മുടെ സ്വപ്നഭൂമി (പരിഷ്കരിച്ച പതിപ്പ്)** | ജി.മധുസൂദനൻ |
| 7. | **വിജ്ഞാനമലയാളം** | ഡോ.കാവുമ്പായി ബാലകൃഷ്ണൻ |
| 8. | **സി.എൽ.ആന്റണിയുടെ സമ്പൂർണ്ണകൃതികൾ** | സി.എൽ.ആന്റണി |
| 10. | **ഒരു പെൻഷൻകാരന്റെ കുടുംബവർത്തമാനം** | ഇ.വി.ജി.ഏലങ്കുളം |
| 11. | **തഥാഗതൻ** | കെ.എൻ.ഗണേശ് |
| 12. | **നവോത്ഥാനത്തിന്റെ സാംസ്കാരികധാരകൾ** | ഡോ.കെ.ജി.പൗലോസ് |
| 13. | **മലയാളം ഭാഷയും സംസ്കാരവും** | പി.നാരായണമേനോൻ<br>എഡി: ഡോ.റോയ് മാത്യു എം. |
| 14. | Birds of Kerala | Induchoodan<br>Translated by Uma Satheesan |
| 15. | **തെക്കൻ തോറ്റംപാട്ട്** | സമ്പാദനം, പഠനം: ഡോ.ദീപു പി.കുറുപ്പ് |

# പുസ്തകവില്പനവിഭാഗം

2021-2022 സാമ്പത്തികവർഷത്തിൽ വില്പനശാല വഴി **65,73,315**/-രൂപ മുഖവിലയുള്ള പുസ്തകങ്ങൾ വില്പന നടത്തിയിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽ അക്കാദമി സംഘടിപ്പിച്ചതും പങ്കെടുത്തതുമായ പുസ്തകപ്രദർശനത്തിൽ **10,81,850**/-രൂപ മുഖവില യുള്ള പുസ്തകങ്ങളും വില്പന നടത്തിയിട്ടുണ്ട്. മൊത്തം വില്പന **76,55,165/-** രൂപയാണ്. അക്കാദമി പ്രസിദ്ധീകരിച്ച പ്രളയാക്ഷരങ്ങൾ, നവകേരളചിന്തകൾ എന്നീ പുസ്തകങ്ങൾ വില്പന നടത്തിയ ഇനത്തിൽ **84,650/-** രൂപ കിട്ടിയിട്ടുണ്ട്. ഈ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകുന്നതിനായി സ്വരൂപിച്ചിട്ടുള്ളതാണ്. പുസ്തകപ്രദർശനം നടന്ന സ്ഥലങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം.

| | | |
|---|---|---|
| 1. | മലപ്പുറം ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം | 40,461.00 |
| 2. | എറണാകുളം ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം | 56,504.00 |
| 3. | കോട്ടയം ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം | 79,127.00 |
| 4. | തൃശൂർ ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം | 1,17,877.00 |
| 5. | കോഴിക്കോട് ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം | 1,67,904.00 |
| 6. | കണ്ണൂർ ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം | 2,20,202.00 |
| | | **6,82,075.00** |

# അപ്പൻതമ്പുരാൻ സ്മാരകം

കൊച്ചി രാജവംശത്തിലെ കൈരളീവിധേയൻ രാമവർമ്മ അപ്പൻതമ്പുരാന്റെ സ്മരണകൾ നിറഞ്ഞ അപ്പൻതമ്പുരാൻ സ്മാരകം സാഹിത്യകാര മ്യൂസിയമായി പ്രവർത്തിച്ചുവരുന്നു. അപ്പൻതമ്പുരാന്റെ കൃതികൾ, ഫോട്ടോശേഖരം, കേരളചരിത്രനിർമ്മാണത്തിനായി സ്വയം വരച്ച മാപ്പുകൾ, അവ വരയ്ക്കാൻ ഉപയോഗിച്ച പെന്റോഗ്രാഫ് (സ്വയം നിർമ്മിതം), ഡയറി, പഴഞ്ചൊല്ലുകളുടെ ശേഖരണം എന്നിവ ഇവിടെ സാംസ്കാരികത്തനിമ നിലനിർത്തി സൂക്ഷിച്ചുവരുന്നു.

ജോസഫ് മുണ്ടശ്ശേരി, കുറ്റിപ്പുഴ കൃഷ്ണപിള്ള, പുത്തൻകാവ് മാത്തൻതരകൻ, ജി.കുമാരപ്പിള്ള, വിലാസിനി എന്നിവരുടെ പുസ്തകശേഖരങ്ങളും സ്മാരകവസ്തുക്കളും സൂക്ഷിച്ചുവരുന്നു. മൺമറഞ്ഞ പ്രഗത്ഭരായ സാഹിത്യകാരന്മാരുടെ കൈപ്പടകൾ ശേഖരിച്ചു സൂക്ഷിച്ചുവെക്കുന്ന ജോലിയും തുടർന്നുവരുന്നു. ഈ വർഷം 61 പേർ മ്യൂസിയം സന്ദർശിക്കുകയും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സന്ദർശകരജിസ്റ്ററിൽ കുറിച്ചിടുകയും ചെയ്തിട്ടുണ്ട്.

മലയാളത്തിൽ ഇറങ്ങുന്ന ഒട്ടുമിക്ക ആനുകാലികങ്ങളും ഇവിടെ ബൈന്റ് ചെയ്ത് സൂക്ഷിച്ചുവരുന്നു. കൂടാതെ വിശേഷാൽപതിപ്പുകൾ, സ്മരണികകൾ, കേരള ഗസറ്റുകൾ എന്നിവയുടെ ശേഖരവുമുണ്ട്. ഇപ്പോൾ മാസികാശേഖരത്തിൽ 12168 ബൗണ്ട് വാല്യം മാസികകളുണ്ട്. ഇവ കൂടാതെ കാറളം ബാലകൃഷ്ണൻ, സക്കറിയ, ജി.കുമാരപ്പിള്ള എന്നിവരുടെ മാസികാശേഖരങ്ങളിലായി 1600 -ലധികം ബൗണ്ട് വാല്യം മാസികകൾ വേറെയുമുണ്ട്.

കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, ആറ്റൂർ കൃഷ്ണപിഷാരടി, ജോസഫ് മുണ്ടശ്ശേരി, വടക്കേ കുറുപ്പത്ത് കുഞ്ഞൻമേനോൻ, വടക്കേ ഇളമന ഹരി, ടി.എം.ചുമ്മാർ, പി.എ.മേനോൻ, പുത്തൻകാവ് മാത്തൻ തരകൻ, ജി.കുമാരപ്പിള്ള, സി.എൽ. ആന്റണി എന്നിവരുടെ ശേഖരങ്ങളിലായി 15,000 പുസ്തകങ്ങൾ ഉണ്ട്. മൺമറഞ്ഞ മാസികകൾ സ്കാൻ ചെയ്ത് പ്രിന്റ് എടുത്തുവെക്കുകയും ചെയ്യുന്നു. ഈ വർഷം 612 പേർ ലൈബ്രറി റഫറൻസിനായി ഉപയോഗിച്ചിട്ടുണ്ട്. അക്കാദമി പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ വില്പനയും നടന്നുവരുന്നു. അപ്പൻതമ്പുരാന്റെ ചരമദിനമായ നവംബർ 19-ന് സ്മൃതിമണ്ഡപത്തിൽ പുഷ്പാർച്ചനയും അനുസ്മരണസമ്മേളനവും നടത്തുകയുണ്ടായി.

# കേരള സാഹിത്യ അക്കാദമി ലൈബ്രറി

മലയാളഗ്രന്ഥങ്ങളുടെ ഏറ്റവും പ്രധാന ലൈബ്രറികളിൽ ഒന്നാണ് കേരള സാഹിത്യ അക്കാദമി ലൈബ്രറി. മറ്റെങ്ങും ലഭ്യമല്ലാത്ത അമൂല്യമായ ഗ്രന്ഥശേഖരം ഈ ലൈബ്രറിയിൽ ലഭ്യമാണ്. കേരളത്തിലെ മുഴുവൻ യൂണിവേഴ്സിറ്റികളും ഗവേഷണകേന്ദ്രമായി അംഗീകരിച്ചിട്ടുള്ള അക്കാദമി ലൈബ്രറി മലയാളത്തിൽ ഗവേഷണം നടത്തുന്നവരുടെ ഏക ആശ്രയമാണ്. കേരളത്തിനകത്തും പുറത്തുനിന്നുമായി നിരവധി ഗവേഷകർ, പ്രൊഫസർമാർ, അധ്യാപകർ, പത്രം, ദൂരദർശൻ, റേഡിയോ, സ്വകാര്യചാനലുകൾ തുടങ്ങിയവയിലെ പ്രവർത്തകർ, സാംസ്കാരികനായകന്മാർ, സാംസ്കാരികരംഗത്തെ പ്രമുഖവ്യക്തികൾ തുടങ്ങി സാധാരണഗ്രാമീണർവരെ റഫറൻസിനായി അക്കാദമി ലൈബ്രറിയിൽ ദിവസേന വന്നുകൊണ്ടിരിക്കുന്നു. പുസ്തകങ്ങളും പുസ്തകേതരഗ്രന്ഥങ്ങളും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന അക്കാദമി ലൈബ്രറിയിൽ ഗവേഷണത്തിനും റഫറൻസിനും എത്തുന്നവരുടെ വർദ്ധനവ് വളരെ ശ്രദ്ധേയമാണ്. ശ്രേഷ്ഠഭാഷാപദവിയിൽ മലയാളപഠനവും ഗവേഷണവും കൂടുതൽ പ്രാധാന്യം നേടിയതോടെ അക്കാദമി ലൈബ്രറിയുടെ പ്രാധാന്യം വർദ്ധിച്ചിട്ടുണ്ട്. ഇന്റർനെറ്റ്, ഇ-മെയിൽ, ടെലഫോൺ എന്നിവ മുഖേനയുള്ള നിരവധി അന്വേഷണങ്ങൾക്ക് ദിനംപ്രതി മറുപടി കൊടുത്തുകൊണ്ടിരിക്കുന്നതും എടുത്തുപറയേണ്ടതാണ്.

## ഗവേഷണകേന്ദ്രം

അക്കാദമി കേന്ദ്രമാക്കി 22പേർ ഇവിടെ ഗവേഷണം നടത്തുന്നുണ്ട്. 2021–2022 വർഷത്തിൽ മറ്റ് ലൈബ്രറികൾ കേന്ദ്രമാക്കി ഗവേഷണം നടത്തുന്ന 429 പേർ ഇവിടെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഗവേഷകരുടെ പ്രതിമാസ റിപ്പോർട്ട്, സ്കോളർഷിപ്പ് ബിൽ എന്നിവ യൂണിവേഴ്സിറ്റികളിലേക്ക് അയച്ച് യു.ജി.സി.യിൽനിന്നും യൂണിവേഴ്സിറ്റികളിൽനിന്നും പട്ടികജാതി/പട്ടികവർഗ്ഗവകുപ്പിൽനിന്നും സ്കോളർഷിപ്പ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്നു. ഗവേഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിർദ്ദേശവും സഹായവും നൽകുന്നു. അക്കാദമിയിൽ എം.പി.പോൾ പഠനഗവേഷണകേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

## മലയാളപുസ്തകങ്ങളുടെ ഡെപ്പോസിറ്ററി ലൈബ്രറി

ഇന്ത്യയുടെ ദേശീയ ഗ്രന്ഥശാലയായ കൽക്കട്ട നാഷണൽ ലൈബ്രറിക്കു തുല്യമായി കേരളത്തിലുള്ള മലയാളപുസ്തകങ്ങളുടെ ഡെപ്പോസിറ്ററി ലൈബ്രറിയാണ് കേരള സാഹിത്യഅക്കാദമി ലൈബ്രറി. മലയാളത്തിൽ പ്രസിദ്ധീകരിച്ച ഒട്ടുമിക്ക പുസ്തകങ്ങളുടെയും നിക്ഷേപകേന്ദ്രമാണ് ഈ ലൈബ്രറി.

അക്കാദമി ലൈബ്രറിയിൽ 2021–2022 വർഷത്തിൽ 3891 പുസ്തകങ്ങൾ വാങ്ങിയതും സൗജന്യമായി ലഭിച്ചതുമുണ്ട്. മലയാളപുസ്തകങ്ങൾ 62 വിഷയങ്ങളായിട്ടാണ് വർഗ്ഗീകരണം നടത്തിയിരിക്കുന്നത്. അക്കാദമി ലൈബ്രറിക്കായിട്ടുള്ള വർഗ്ഗീകരണമാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. ലൈബ്രറിയിലെ പ്രത്യേകശേഖരങ്ങളായ രാമവർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ശേഖരം, കൃഷ്ണകല്യാണി ശേഖരം, കെ.സുകുമാരൻ മെമ്മോറിയൽ ശേഖരം, വിലാസിനി ശേഖരം, മലയാളഭാഷാപരിഷ്ക്കരണ കമ്മിറ്റി ശേഖരം, പ്രൊഫ.വി.അരവിന്ദാക്ഷൻ ശേഖരം തുടങ്ങിയവയിലെ പുസ്തകങ്ങളും ധാരാളം പേർ റഫറൻസിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. മലയാളപുസ്തകങ്ങൾക്കുപുറമെ ഇംഗ്ലീഷ് പുസ്തകങ്ങളും ഉണ്ട്. ഇവ ഡ്യൂയി ഡെസിമൽ ക്ലാസിഫിക്കേഷൻ സ്കീം അനുസരിച്ച് വർഗ്ഗീകരണം നടത്തി പ്രത്യേകമായി മാറ്റിവെച്ചിരിക്കുന്നു.അക്കാദമിയിൽ റഫറൻസിനായി എത്തുന്നവർക്കുവേണ്ടി 17 ദിനപത്രങ്ങളും 278-ഓളം ആനുകാലികങ്ങളും അക്കാദമിയിൽ ലഭ്യമായിട്ടുണ്ട്.

## ഡിജിറ്റൽ ലൈബ്രറി

സാംസ്കാരികകേരളത്തിനും കേരളസാഹിത്യ അക്കാദമിക്കും മലയാളത്തിനാകെയും അഭിമാനാർഹമായ രീതിയിൽ മലയാളത്തിലെ അപൂർവ്വ ഡോക്യുമെന്റുകൾ ഡിജിറ്റൈസ് ചെയ്ത് ലോക്കൽ നെറ്റ്‌വർക്ക്, ഇന്റർനെറ്റ്, ഇ-ബുക്ക് എന്നിവ മുഖേന അസംഖ്യം വായനക്കാർക്കും ഗവേഷകർക്കും ലഭ്യമാക്കികൊണ്ടിരിക്കുന്നു.ആധുനിക സാങ്കേതികവിദ്യകൾ ഇത്തരത്തിൽ പൂർണമായി ഉപയോഗപ്പെടുത്തുന്നു. പ്രാചീനവും ചരിത്രപാധാന്യമുള്ളതും അപൂർവ്വവും മൂല്യവത്തുമായ പുസ്തകങ്ങൾ ഡിജിറ്റൽ ചെയ്ത് വരും തലമുറയ്ക്ക് സുരക്ഷിതമായി

കൈമാറുന്നതിനും പുതിയ പുസ്തകംപോലെ ഉപയോഗിക്കുന്നതിനും ആവശ്യമായ ആധുനികസജ്ജീകരണങ്ങൾ എല്ലാം ഒരുക്കിക്കൊണ്ട് ഡിജിറ്റൽ കൺസർവേഷൻ ലാബ് അക്കാദമിയുടെ സുവർണ്ണജൂബിലി മന്ദിരത്തിൽ സെറ്റ് ചെയ്തു. കാലപ്പഴക്കംകൊണ്ട് ഉപയോഗിക്കാൻ കഴിയാത്ത ഗ്രന്ഥങ്ങളുടെ ഏടുകൾ യാതൊരു കേടും കൂടാതെ ആർക്കൈവൽ സ്കാനർ ഉപയോഗിച്ച് സവിശേഷമായ രീതിയിൽ സ്കാൻ ചെയ്തുവരുന്നു. സ്കാനിംഗ് ജോലികൾ കഴിഞ്ഞ് ഡിസൈൻ വർക്കുകൾ പൂർത്തീകരിച്ചപുസ്തകങ്ങൾ പി.ഡി.എഫ്. ഫോർമാറ്റിലാക്കി സെർവറിൽ സൂക്ഷിക്കുന്നു. ഇതുവരെ 11,400-ഓളം പുസ്തകങ്ങൾ സ്കാനിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. കോപ്പിറൈറ്റ് പരിധി കഴിഞ്ഞ 2458 പുസ്തകങ്ങൾ വായിക്കാനും ഡൗൺലോഡ് ചെയ്യാനും കഴിയുന്ന രീതിയിൽ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കോപ്പിറൈറ്റ് പരിധി കഴിയാത്ത പുസ്തകങ്ങൾ ഓഫ്‌ലൈനായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. പ്രത്യേകശേഖരങ്ങൾ എന്ന നിലയിലാണ് കെ.ഭാസ്കരൻനായർ ശേഖരം, കുമാരനാശാൻ ശേഖരം, ചങ്ങമ്പുഴ ശേഖരം, വള്ളത്തോൾ ശേഖരം, ഉള്ളൂർ എസ്.പരമേശ്വരയ്യർ ശേഖരം, കൊട്ടാരത്തിൽ ശങ്കുണ്ണി ശേഖരം, കുഞ്ചൻനമ്പ്യാർ ശേഖരം, സി.വി.രാമൻപിള്ള ശേഖരം എന്നിവ വെബ്സൈറ്റിൽ ലഭ്യമാക്കിയിരിക്കുന്നത്. കൂടാതെ മലയാളഗ്രന്ഥസൂചിയുടെ 9 വാല്യങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. ലോകത്തിന്റെ ഏത് കോണിലിരുന്നും അക്കാദമിയുടെ വെബ്സൈറ്റ് ഉപയോഗിച്ച് പുസ്തകങ്ങൾ വായിക്കാനും ഡൗൺലോഡ് ചെയ്യാനും സാധിക്കും.

ലൈബ്രറിയിൽ എത്തുന്ന വായനക്കാർക്ക് എളുപ്പത്തിൽ പ്രയോഗിക്കാൻ കഴിയുന്ന വിവരാന്വേഷിയും ഉണ്ട്. ലൈബ്രറി രംഗത്ത് ഒട്ടേറെ സാധ്യതകളുമായി അക്കാദമി വികസിപ്പിച്ചെടുത്ത കൈരളി സോഫ്റ്റ്‌വെയറിൽ അച്ചടിയുടെ ആരംഭം മുതൽ 2000-മാണ്ടുവരെ മലയാളത്തിൽ പ്രസിദ്ധീകരിച്ച മുഴുവൻ പുസ്തകങ്ങളുടെയും ഗ്രന്ഥസൂചി ലഭ്യമാണ്. കമ്പ്യൂട്ടറിന്റെ സഹായത്തോടെ മലയാള അക്ഷരങ്ങൾ സോർട്ട് ചെയ്യാൻ കഴിയാവുന്ന രീതിയിൽ സർച്ച് എഞ്ചിനോടുകൂടിയ ഗ്രന്ഥസൂചി മലയാളികൾക്ക് വലിയൊരനുഗ്രഹമാണ്.

### മലയാളഗ്രന്ഥസൂചി

മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മുഴുവൻ പുസ്തകങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മലയാള ഗ്രന്ഥസൂചി അക്കാദമിയുടെ ഒരു മഹാസംരംഭമാണ്. അച്ചടിയുടെ ആരംഭം മുതൽ മലയാളഭാഷയിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള വിവരങ്ങൾ ഗ്രന്ഥസൂചിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒമ്പത്‌വാല്യങ്ങളുടെ ഗ്രന്ഥസൂചി അക്കാദമി ഇതിനോടൊപ്പം പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഒമ്പതാംവാല്യത്തിനുശേഷം 2006 മുതലുള്ള പുസ്തകങ്ങളുടെ വിവരങ്ങൾ കോഹ സോഫ്റ്റ്‌വെയറിലൂടെ ജോലികൾ പൂർത്തീകരിച്ച് വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

### ലൈബ്രറി ആർക്കൈവ്സ്

അക്കാദമിയുടെ ആർക്കൈവ്സിൽ 1950-ന് മുമ്പ് പ്രസിദ്ധീകരിച്ച മലയാളപുസ്തകങ്ങൾ മൈക്രോഫിലിമിലാക്കി സൂക്ഷിച്ചിരിക്കുന്ന മൈക്രോഫിലിം ലൈബ്രറി, സാംസ്കാരികനായകരുടെ ശബ്ദം റെക്കോഡ് ചെയ്ത 742 ഓഡിയോ കാസറ്റുകളിലായി സൂക്ഷിച്ചിട്ടുള്ള ഓഡിയോ കാസറ്റ് ലൈബ്രറി എന്നിവയുണ്ട്. ഓഡിയോ കാസറ്റുകൾ മുഴുവനായി ഡിജിറ്റൽ ഫോമിലാക്കി സി.ഡി.കളിൽ സൂക്ഷിച്ചിരിക്കുന്നു. 1035 വീഡിയോ സി.ഡി.കളും 276 ഫോട്ടോ സി.ഡി.കളും ഡി.വി.ഡി.കളും ലൈബ്രറിയിൽ സൂക്ഷിച്ചുവരുന്നു. താളിയോലഗ്രന്ഥങ്ങളുടെ ഒരപൂർവ്വശേഖരം അക്കാദമി ആർക്കൈവ്സിൽ പ്രത്യേകം സംരക്ഷിക്കുന്നതിനൊപ്പം ഇതിന്റെ വിവരണാത്മകഗ്രന്ഥസൂചിയും തയ്യാറാക്കിയിട്ടുണ്ട്.

ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുള്ള ഈ അപൂർവ്വ രേഖകൾ ഡിജിറ്റൽ ലൈബ്രറിയിലാക്കി സംരക്ഷിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനുമുള്ള കാര്യങ്ങൾ പ്രോജക്ട് വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

### അപ്രന്റീസ് ട്രെയിനിങ് സെന്റർ

കേരള സാഹിത്യഅക്കാദമി ലൈബ്രറിയിൽ ലൈബ്രറിസയൻസ് ബിരുദധാരികൾക്കുള്ള അപ്രന്റീസ് ട്രെയിനിംഗ് നൽകുന്നുണ്ട്. ഇവിടെ ഇപ്പോൾ നാലുപേർ ട്രെയിനികളായി ജോലി ചെയ്തുവരുന്നു.

ലൈബ്രറിയിൽ ഗവേഷണം നടത്തുന്നവരുടെ എണ്ണവും മറ്റു ലൈബ്രറി ഉപയോക്താക്കളുടെ എണ്ണവും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ലൈബ്രറിയിൽ പുസ്തകങ്ങളും പുസ്തകേതര ഡോക്യുമെന്റുകളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഡിജിറ്റൽ ലൈബ്രറിക്കായി എല്ലാ ആധുനികസൗ

കര്യങ്ങളോടും കൂടിയ ഡിജിറ്റൽ ലാബ് സുവർണ്ണ ജൂബിലിമന്ദിരത്തിൽ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു.ലൈബ്രേറിയുടെ ഗവേഷണവിഭാഗം പൂർണ്ണമായും സുവർണ്ണജൂബിലി മന്ദിരത്തിലാണ് പ്രവർത്തിക്കുന്നത്.

## ആനുകാലികപ്രസിദ്ധീകരണങ്ങൾ

സാഹിത്യചക്രവാളം മാസിക, സാഹിത്യലോകം ദ്വൈമാസിക, മലയാളം ലിറ്ററി സർവ്വേ (ഇംഗ്ലീഷ് ത്രൈമാസിക) എന്നിവയാണ് സാഹിത്യ അക്കാദമി പ്രസിദ്ധീകരിക്കുന്ന ആനുകാലികങ്ങൾ.

### സാഹിത്യചക്രവാളം

സമകാലിക മലയാള, ഇന്ത്യൻ, ലോകസാഹിത്യങ്ങളുടെ ഒരു നേർക്കാഴ്ച വായനക്കാർക്ക് സമ്മാനിക്കുന്ന സാംസ്കാരിക-വാർത്താപ്രസിദ്ധീകരണമാണ് സാഹിത്യചക്രവാളം. പുതിയ സാഹിത്യവിശേഷങ്ങൾക്കൊപ്പം ഗൗരവമായ വായനയ്ക്കുതകുന്ന നിരവധി ലേഖനങ്ങളും നിലവിൽ സാഹിത്യ ചക്രവാളം പ്രസിദ്ധീകരിക്കുന്നുണ്ട്. പുതിയ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന പംക്തികളും പുസ്തകനിരൂപണങ്ങളും സാഹിത്യകാരസ്മരണകളും മലയാളത്തിലെ പ്രമുഖസാഹിത്യകാരുടെ ഓർമ്മദിനങ്ങളുൾപ്പെടുന്ന ഓർമ്മസൂചിയും സാഹിത്യചക്രവാളം മാസികയെ വ്യത്യസ്തമാക്കുന്നു.

### സാഹിത്യലോകം

1970-ൽ പ്രസിദ്ധീകരണമാരംഭിച്ച സാഹിത്യലോകം മലയാളത്തിലെ എണ്ണംപറഞ്ഞ ഗവേഷണജേണലുകളിലൊന്നാണ്. 2019-ൽ യു ജി സി കെയർ ലിസ്റ്റിൽ സ്ഥാനംനേടിയ സാഹിത്യലോകം, ഉന്നതനിലവാരമുള്ള മലയാള ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നു. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സാഹിത്യതത്പരർക്കും ഏറെ പ്രയോജനപ്പെടുന്ന സാഹിത്യലോകം 2021-22 വർഷം ആറ് പതിപ്പുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി (ഭാഷ, വിജ്ഞാനം, വികാസം, കുമാരനാശാനെ പിന്തുടരുമ്പോൾ, ശാസ്ത്രവും സാഹിത്യവും, അനുകല്പനം: കലയും സങ്കേതവും, ദേശവും സംസ്കാരവും, കവിതാപഠനങ്ങൾ, ആദിവാസിസാഹിത്യത്തിന്റെ വർത്തമാനം).

### മലയാളം ലിറ്ററി സർവേ

മലയാളഭാഷയേയും സാഹിത്യത്തേയുംകുറിച്ച് മറ്റുഭാഷകളിലുള്ളവർക്ക് ആധികാരികവും സമഗ്രവുമായ അറിവു പകരുന്നതിനായി 1976-ൽ ആരംഭിച്ച ത്രൈമാസികയാണ് മലയാളം ലിറ്ററി സർവ്വേ. Sarah Joseph: Three Perspectives, Stories, Satyajith Ray, Train of Thought: Representation of Trains in Malayalam Literature എന്നീ പ്രത്യേകപതിപ്പുകളാണ് ഈ സാമ്പത്തികവർഷം പുറത്തിറങ്ങിയത്.

### സോഷ്യൽ മീഡിയ/ വെബ്സൈറ്റ് പ്രവർത്തനങ്ങൾ

സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾ കൂടുതൽ പേരിലേക്ക് സോഷ്യൽ മീഡിയ വഴി എത്തിക്കാനായി. പരമാവധി പ്രോഗ്രാമുകളും പ്രഭാഷണങ്ങളും അക്കാദമിയുടെ യൂട്യൂബ് പേജിലേക്ക് അപ്‌ലോഡ് ചെയ്തു. അക്കാദമിയുടെ വെബ്സൈറ്റ് നവീകരിച്ചു. അക്കാദമിയുടെ ഏറ്റവും പുതിയ വിശേഷങ്ങളറിയാനും, പുസ്തകങ്ങൾ ഓൺലൈനായി വാങ്ങാനുമുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തിയതാണ് നവീകരിച്ച വെബ്സൈറ്റ്.

## ഭരണപരമായ കാര്യങ്ങൾ

2021-22 സാമ്പത്തികവർഷത്തിൽ വൈശാഖൻ അധ്യക്ഷനായ നിർവാഹകസമിതിയുടെ പത്ത് യോഗങ്ങളും ജനറൽ കൗൺസിലിന്റെ രണ്ട് യോഗങ്ങളും ചേർന്നു. കേരള സാഹിത്യ അക്കാദമിയിലെ പ്രോഗ്രാം കോ-ഓർഡിനേറ്ററായ ടി.പി.ബെന്നി 31.05.2021-നും, യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽനിന്ന് ഐസി വി.സി. 31.05.2021-നും വിരമിച്ചു.

# കേരള സാഹിത്യ അക്കാദമി

## വരവ്-ചെലവ് സ്റ്റേറ്റ്മെന്റ് 2021-22

| വരവ് | തുക |
|---|---|
| 1. മുന്നിരിപ്പ് | 2,92,13,143.36 |
| 2. മലയാളം ലിറ്ററി സർവ്വേ | 38,760.00 |
| 3. സാഹിത്യലോകം | 55,780.00 |
| 4. സാഹിത്യചക്രവാളം | 47,680.00 |
| 5. കേരള സാഹിത്യ അക്കാദമി പബ്ലിക്കേഷൻസ് | 36,37,969.00 |
| 6. മലയാളഭാഷാ പരിഷ്കരണകമ്മിറ്റി | 114.00 |
| 7. കൈരളീഗ്രാമം വാടക | 48,000.00 |
| 8. തപാൽകൂലി | 28,255.00 |
| 9. ഓർമസൂചിക 2020 | 400.00 |
| 10. ഇൻകം ടാക്സ്-ടിഡിഎസ് | 2,94,966.00 |
| 11. ഫോട്ടോകോപ്പി | 1,24,250.00 |
| 12. അഡ്വാൻസ് റീഫണ്ട് | 5,36,773.00 |
| 13. ലൈബ്രറി ഫീസ് | 48,200.00 |
| 14. ഓഡിറ്റോറിയം വാടക | 4,97,140.00 |
| 15. വൈലോപ്പിള്ളി ഹാൾ വാടക | 1,03,700.00 |
| 16. ചങ്ങമ്പുഴ മന്ദിരം വാടക | 1,53,160.00 |
| 17. നാലപ്പാട്ട് ഓഡിറ്റോറിയം (കമലാസുറയ്യ സ്മാരകം) വാടക | 4,000.00 |
| 18. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി | 40,000.00 |
| 19. പഴയ ന്യൂസ്പേപ്പർ ലേലം | 9,226.00 |
| 20. വിറക് ലേലം | 1,000.00 |
| 21. ലൈബ്രറി ബുക്സ് റീഫണ്ട് | 1,704.00 |
| 22. ക്വാർട്ടേഴ്സ് വാട്ടർ ചാർജ് | 1,347.00 |
| 23. പ്രൊഫഷണൽ ടാക്സ് (കേരള സാഹിത്യ അക്കാദമി) | 40,750.00 |
| 24. പ്രൊഫഷണൽ ടാക്സ് (അപ്പൻതമ്പുരാൻ സ്മാരകം) | 4,550.00 |
| 25. എൻ.വി.യുടെ ഗദ്യകൃതികൾ പ്രീ പബ്ലിക്കേഷൻ | 2,24,500.00 |
| 26. പ്രളയാക്ഷരങ്ങൾ പുസ്തകവില്പന | 84,400.00 |
| 27. നവകേരളചിന്തകൾ പുസ്തകവിലപ്ന | 250.00 |
| 28. അപ്രന്റീസ് സ്റ്റൈപ്പന്റ് റീഫണ്ട് | 15,113.00 |

| | | | |
|---|---|---|---|
| 29. | അപ്രന്റീസ് സാലറി റീഫണ്ട് | | 3,250.00 |
| 30. | പ്രിയമൊഴി പുസ്തകത്തിൽ കൃതികൾ നൽകിയതിന്റെ പ്രതിഫലം | | 8,000.00 |
| 31. | വിവരാവകാശനിയമം | | 54.00 |
| 32. | മറ്റു പ്രസാധകരുടെ പുസ്തകവില്പന വിറ്റുവരവ് | | 1,27,694.00 |
| 33. | പലിശ | | |
| | ടി.എസ്.ബി. 220 | 8,35,771 | |
| | ടി.എസ്.ബി. 150 | 1,68,681 | |
| | എസ്.ബി.ഐ. | 92,101 | 10,96,553.00 |
| 34. | പലിശ-വിദ്യാഭ്യാസനിധി എസ്.ബി. അക്കൗണ്ടിൽനിന്നും ലഭിച്ചത് | | 2,662.00 |
| 35. | ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് - വരവ് | | 27,06,692.00 |
| 36. | ടി.എസ്.ബി. 220 അക്കൗണ്ടിൽനിന്നും സർക്കാർ പിൻവലിച്ച തുക തിരികെ ലഭിച്ചത്. | | 76,64,050.00 |
| 37. | എസ്.ടി.എസ്.ബി. അക്കൗണ്ടിൽനിന്നും 2020-21ൽ സർക്കാർ പിൻവലിച്ച തുക തിരികെ ലഭിച്ചത് | | 68,82,710.00 |
| 38. | വിദ്യാഭ്യാസനിധി-എഫ്.ഡി. (പലിശ) | | 4,786.00 |
| 39. | സർക്കാരിൽനിന്ന് ലഭിച്ച ഗ്രാന്റ് :- | | |
| | പദ്ധതിയേതരപ്രവർത്തനം | | 1,42,98,000.00 |
| | പദ്ധതിപ്രവർത്തനം | | 2,20,39,526.00 |
| | അപ്പൻതമ്പുരാൻ സ്മാരക ഗ്രാന്റ് | | 1,00,000.00 |
| | എഴുത്തച്ഛൻ പുരസ്കാരം | | 5,00,000.00 |
| | | ആകെ | **9,06,89,107.36** |

# ചെലവ്

## പദ്ധതിയേതര ചെലവ്

### (എ) എസ്റ്റാബ്ലിഷ്മെന്റ്:-

| | | | |
|---|---|---|---|
| 1. | ശമ്പളവും അലവൻസും | | 1,06,91,006.00 |
| 2. | മെമ്പർമാരുടെ യാത്രാബത്ത | | 1,39,718.00 |
| 3. | സ്റ്റാഫിന്റെ യാത്രാബത്ത | | 24,408.00 |
| | | | **1,08,55,132.00** |

### (ബി) കണ്ടിജൻസി (അത്യാവശ്യചെലവുകൾ):-

| | | | |
|---|---|---|---|
| 1. | ഓഫീസ് ചെലവുകൾ | | 2,43,045.00 |
| 2. | പോസ്റ്റേജ് | | 1,51,827.00 |
| 3. | യോഗചെലവുകൾ | | 1,03,364.00 |
| 4. | ടെലഫോൺ | | 2,06,276.00 |
| 5. | വാൻ മെയിന്റനൻസ്-അക്കാദമി | | |
| | ഡീസൽ | 1,07,301.00 | |
| | റിപ്പയർ | 1,20,756.00 | 2,28,057.00 |
| 6. | കാർ മെയിന്റനൻസ് (പ്രസിഡന്റ്) | | |
| | ഡീസൽ | 74,056.00 | |
| | റിപ്പയർ | 21,722.00 | |
| | ഇൻഷുറൻസ് & ടാക്സ് | 14,984.00 | 1,10,762.00 |
| 7. | കാർ മെയിന്റനൻസ് (സെക്രട്ടറി) | | |
| | ഡീസൽ | 1,10,660.00 | |
| | റിപ്പയർ/അഡീഷണൽ വർക്സ് | 27,207.00 | |
| | ഇൻഷുറൻസ് & ടാക്സ് | 29,478.00 | 1,67,345.00 |
| 8. | ജനറേറ്റർ മെയിന്റനൻസ് | | |
| | ഡീസൽ | 17,090.00 | |
| | എ.എം.സി. റിന്യൂവൽ | 8,925.00 | 26,015.00 |
| 9. | സ്റ്റേഷനറി & പ്രിന്റിംഗ് | | 59,662.00 |
| 10. | ഇലക്ട്രിസിറ്റി & വെള്ളം | | 3,78,371.00 |
| 11. | പ്രസിഡണ്ടിനുള്ള ഓണറേറിയം | | 3,00,000.00 |
| 12. | വൈസ് പ്രസിഡണ്ടിനുള്ള ഓണറേറിയം | | 1,20,000.00 |
| 13. | ദിവസ/കരാർ ജീവനക്കാരുടെ വേതനം | | 19,77,202.00 |
| 14. | ഭൂനികുതി | | 12,472.00 |
| 15. | കെട്ടിടവാടക | | 12.00 |
| 16. | സ്റ്റാഫ് ക്വാർട്ടേഴ്സ് വാട്ടർ ചാർജ് | | 15,706.00 |
| 17. | പ്രൊഫഷണൽ ടാക്സ് (അക്കാദമി) | | 82,500.00 |
| 18. | പ്രൊഫഷണൽ ടാക്സ് (അപ്പൻ തമ്പുരാൻ സ്മാരകം) | | 8,000.00 |
| | | | **41,90,616.00** |
| | **ആകെ പദ്ധതിയേതരച്ചെലവ് (എ + ബി)** | | **1,50,45,748.00** |

| | | | |
|---|---|---|---|
| 1. | പദ്ധതിയേതരചെലവ് | | 1,50,45,748.00 |
| 2. | പദ്ധതിപ്രവർത്തനചെലവുകൾ | | 2,18,17,593.00 |
| 3. | പുസ്തകപ്രദർശനങ്ങൾ | | 2,19,822.00 |
| 4. | ഹാൾ വാടക മടക്കി കൊടുത്തത് | | 46,300.00 |
| 5. | സെക്യൂരിറ്റി ശമ്പളം | | 2,94,000.00 |
| 6. | ഇൻകം ടാക്സ് നൽകിയത് | | 2,05,254.00 |
| 7. | മറ്റു പുസ്തകപ്രസാധകരുടെ വില്പന വിറ്റുവരവ് നൽകിയത് | | 7,425.00 |
| 8. | ഡിജിറ്റൈസേഷൻ പ്രൊജക്റ്റ് | | 9,39,700.00 |
| 9. | 31.03.2022-ന് എസ്.ടി.എസ്.ബി. അക്കൗണ്ടിൽനിന്ന് സർക്കാർ പിൻവലിച്ചത് | | 55,63,189.00 |
| 10. | അപ്പൻതമ്പുരാൻ സ്മാരകം ചെലവിലേക്ക് മാറ്റിയത് | | 9,87,454.00 |
| 11. | ഐ.സി.ചാക്കോ അവാർഡ് | 10,000.00 | |
| 12. | ജി.എൻ.പിള്ള അവാർഡ് | 6,000.00 | |
| 13. | ഗീതാഹിരണ്യൻ എൻ്റോവ്മെൻ്റ് അവാർഡ് | 10,000.00 | |
| 14. | കെ.ആർ.നമ്പൂതിരി അവാർഡ് | 4,000.00 | |
| 15. | കനകശ്രീ അവാർഡ് | 4,000.00 | |
| 16. | സി.ബി.കുമാർ അവാർഡ് | 3,000.00 | |
| 17. | കുറ്റിപ്പുഴ അവാർഡ് | 2,000.00 | 39,000.00 |
| 18. | സുകുമാർ അഴീക്കോട് സ്മാരകം നവീകരണപ്രവർത്തനങ്ങൾ | | 10,00,000.00 |
| 19. | പ്രോവിഡൻ്റ് ഫണ്ട് | | |
| | പി.എഫ്. ലോൺ | 3,55,000.00 | |
| | പി.എഫ്. പിൻവലിച്ചത് (റിട്ട.സ്റ്റാഫ്) | 1,76,999.00 | 5,31,999.00 |
| 20. | ബാങ്ക് ചാർജുകൾ | | 2,568.00 |
| | | | **4,67,00,052.00** |

| | |
|---|---|
| **ആകെ വരവ്** | **9,02,50,820.36** |
| **ആകെ ചെലവ്** | **4,67,00,052.00** |
| **നീക്കിയിരിപ്പ്** | **4,35,50,768.36** |

**സെക്രട്ടറി**

# കേരള സാഹിത്യ അക്കാദമി
## അപ്പൻതമ്പുരാൻ സ്മാരകം
### വരവ്-ചെലവ് സ്റ്റേറ്റ്മെന്റ് 2021–22

| | | |
|---|---|---|
| നീക്കിയിരിപ്പ് | | 2,33,202.47 |
| **വരവ്** | | |
| ഫോട്ടോകോപ്പി | 6,304.00 | |
| ഗ്രാന്റ് ലഭിച്ചത് | 1,00,000.00 | |
| പലിശ | 7,984.00 | |
| അക്കാദമിയിൽനിന്ന് ട്രാൻസ്ഫർ ചെയ്തത് | 8,87,454.00 | 10,01,742.00 |
| | | **12,34,944.47** |
| **ചെലവ്** | | |
| ശമ്പളവും അലവൻസും (ദിവസവേതനം ഉൾപ്പെടെ) | 9,58,845.00 | |
| വൈദ്യുതി & വെള്ളം | 19,881.00 | |
| ടെലഫോൺ | 6,028.00 | |
| ആനുകാലികങ്ങൾ | 2,700.00 | 9,87,454.00 |
| | | **2,47,490.47** |
| **നീക്കിയിരിപ്പ് (ബാങ്ക്)** | | **2,47,490.47** |

**സെക്രട്ടറി**